VOL NO: 05 I ISSUE 18
www.nerpatham.com
mail@nerpatham.com
2021 MAY 01 I ₹12

# നേർപഥം
വാരിക

# ജീവവായുവിന് കേഴുന്ന ഇന്ത്യ

മനഃസാക്ഷിയുള്ള ഏതൊരാളുടെയും ഹൃദയം പിളർക്കുന്ന വാർത്തകളാണ് ഇന്ദ്രപ്രസ്ഥത്തിൽ നിന്നും കേട്ടുകൊണ്ടിരിക്കുന്നത്. ജീവന്റെ തുടിപ്പ് നിലനിർത്താനായി മനുഷ്യർ പരസ്പരം കടിപിടികൂടുന്ന സ്ഥിതിയിലേക്ക് രാജ്യമെത്തിയിരിക്കുന്നു! നാടിനെ ഈ അധോഗതിയിലേക്ക് തള്ളിവിട്ടത് ജനങ്ങളുടെ അവിവേകമോ ഭരണത്തലവന്മാരുടെ കെടുകാര്യസ്ഥതയോ?

- ക്വദ്റിന്റെ രാവ്: മനുഷ്യായുസ്സിലെ അമൂല്യനിധി



- നോമ്പ്: ചില ഫത്‌വകൾ
- നിർഭയജീവിതത്തിലേക്കുള്ള വഴികൾ
- മൗലാനാ വഹീദുദ്ദീൻ ഖാൻ യാത്രയായി
- കർമങ്ങളെ നിഷ്ഫലമാക്കുന്ന പ്രകടനപരത

ഈ ഈദിന് നമ്മുടെ
സമ്മാനമായി പാവപ്പെട്ട
കുട്ടികൾക്ക് പുത്തനുടുപ്പ്



# ഈദ് കിസ്‌വ

**പെരുന്നാളിൻ പുതുമ
ഒരുപോലെ ആഘോഷിക്കാൻ,
പിഞ്ചുമക്കളുടെ പാൽപ്പുഞ്ചിരിക്ക്**

## ഒരു സ്നേഹനിധി..

**ഒരു കുട്ടിക്ക്**
**1000**
**രൂപ**

Name : WISDOM ISLAMIC STUDENTS ORGANIZATION
A/C NO : 40078735595
Branch : Palayam
IFSC Code : SBIN0008635

peaceradio
Tune to reality
WISDOM students
CV Complex
PV Sami Road, Kozhikode
81568 12292
wisdomglobaltv
wisdomstudents

0224

നേർപഥം
വാരിക

2021 മെയ് 01
1442 റമദാൻ 19
പുസ്തകം 05 / ലക്കം 18



10
**ജീവവായുവിന് കേഴുന്ന ഇന്ത്യ**
നബീൽ പയ്യോളി

05
**മുഖമൊഴി**
കർമങ്ങളെ നിഷ്ഫലമാക്കുന്ന പ്രകടനപരത
എഡിറ്റർ

06
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

16
**ഫത്‌വ**
നോമ്പ്: ചില ഫത്‌വകൾ
ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ്

18
**ലേഖനം**
നിർഭയജീവിതത്തിലേക്കുള്ള വഴികൾ
ഉസ്മാൻ പാലക്കാഴി

23
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

26
**ചരിത്രപഥം**
പരലോകത്ത് ഉന്നതപദവികൾ
ഹുസൈൻ സലഫി, ഷാർജ

29
**ലേഖനം**
ക്വദ്‌റിന്റ രാവ്: മനുഷ്യായുസ്സിലെ അമൂല്യനിധി
മുജീബ് ഒട്ടുമ്മൽ

34
**കാഴ്ച**
മലമുകളിലെ നോമ്പ്
ഇബ്നു അലി എടത്തനാട്ടുകര

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/nerpatham weekly



ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

സ്മരണ

# മൗലാനാ വഹീദുദ്ദീൻ ഖാൻ യാത്രയായി

ലോകപ്രശസ്ത ഇസ്‌ലാമിക പണ്ഡിതനും ഇന്ത്യക്കാരനുമായ മൗലാനാ വഹീദുദ്ദീൻ ഖാൻ വിടവാങ്ങി. അവിഭക്ത ഇന്ത്യയിൽ ജനിക്കുകയും ബ്രിട്ടീഷ് അധിനിവേശ പോരാട്ടത്തിൽ മുഖ്യപങ്കുള്ള ഒരു കുടുംബത്തിന്റെ ഭാഗമാവുകയും മഹാത്മാ ഗാന്ധിയുടെ ഹിന്ദു-മുസ്‌ലിം മൈത്രിയടക്കമുള്ള കാര്യങ്ങളിൽ ആകൃഷ്ടനായി വളർന്നുവരികയും ചെയ്ത ഉത്തർപ്രദേശുകാരനായ ഇസ്‌ലാമിക പണ്ഡിതൻ എന്ന നിലയിൽ വിവിധ മതവിഭാഗങ്ങൾക്കിടയിൽ മൈത്രിബന്ധം കാത്തുസൂക്ഷിക്കുക എന്ന ലക്ഷ്യത്തിലൂന്നി പ്രവർത്തിച്ച ഒരു മഹാമനീഷിയായിരുന്നു മൗലാനാ വാഹീദുദ്ദീൻ ഖാൻ എന്ന് ഒറ്റ വാക്കിൽ പറയാം.

1925ൽ ഉത്തർപ്രദേശിലെ അസംഗഢിൽ ഫരീദുദ്ദീൻ ഖാന്റെയും ഹൈറുന്നിസയുടെയും മകനായി ജനിച്ചു. പിതാവ് ചെറുപ്പത്തിലേ മരണപ്പെട്ടതിനാൽ ഉമ്മയുടെയും അമ്മാവൻ അബ്ദുൽഹമീദ് ഖാന്റെയും സംരക്ഷണയിലാണ് വളർന്നതും പഠിച്ചതും. മറ്റു പലരെയുംപോലെ അനാഥബാല്യം തനിക്ക് വലിയ ഉൾക്കാഴ്ചകൾ നൽകി എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.

സറായിലെ മദ്‌റസത്തുൽ ഇസ്‌ലാഹിയിൽനിന്ന് 1938ൽ മതവിദ്യാഭ്യാസവും 1944ൽ ബിരുദപഠനവും പൂർത്തിയാക്കി. ചെറുപ്രായത്തിൽതന്നെ ക്വുർആൻ പഠനത്തിൽ അതീവ തൽപരനായിരുന്നു.

ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ യുവാവായിരുന്ന മൗലാനാ സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവുമുള്ള, വിഭജനമടക്കം കയ്പേറിയ പല അനുഭവങ്ങൾക്കും സാക്ഷിയായാണ് ജീവിച്ചത്. ഇസ്‌ലാമിക സാമൂഹിക വിഷയങ്ങളിൽ നിരന്തരം ശബ്ദിക്കുകയും എഴുതുകയും ചെയ്തുവന്നിരുന്ന അദ്ദേഹം 1970ൽ ഡൽഹിയിൽ ഒരു ഇസ്‌ലാമിക് സെന്റർ സ്ഥാപിക്കുകയുണ്ടായി. അതിനു കീഴിൽ 1976ൽ 'അർരിസാല' എന്ന ഉറുദു മാഗസിൻ പുറത്തിറക്കി. മുസ്‌ലിം സമുദായത്തെ സമുദ്ധരിക്കാനുള്ള അദ്ദേഹത്തിന്റെ തന്നെ സേവനങ്ങളായിരുന്നു മാഗസനിൽ മിക്കതും. പിന്നീട് ഇതിന്റെ ഇംഗ്ലീഷ്, ഹിന്ദി പതിപ്പുകളും ആരംഭിച്ചു

വിശുദ്ധ ക്വുർആനിന് ലളിതമായ ഇംഗ്ലീഷ് പരിഭാഷ എഴുതിയിട്ടുണ്ട്. മൗലനാ മൗദൂദി തന്റെ പുതിയ വാദങ്ങൾ തുടങ്ങിയ കാലത്ത് അതിനെതിരെ ശക്തിയുക്തം പേന ചലിപ്പിച്ചിരുന്നു. പിന്നീട് തന്റെ സമാധാനപ്രിയതയുമായി മുന്നോട്ടുപോയ അദ്ദേഹം 1992ൽ വർഗീയവാദികൾ ബാബരി മസ്ജിദ് തകർത്തപ്പോൾ ഹിന്ദു-മുസ്‌ലിം മൈത്രി അഭ്യർഥിച്ചുകൊണ്ട് ആചാര്യ മുനി സുശീൽ കുമാർ, സ്വാമി ചിദാനന്ദ് എന്നിവർക്കൊപ്പം സമാധാന യാത്രക്ക് നേതൃത്വം നൽകിയിരുന്നു.

ഇന്ത്യയിൽ മാറിവന്ന രാഷ്ട്രീയ സാഹചര്യത്തിൽ ബിജെപിയുടെ ഉന്നത നേതൃത്വവുമായി അടുത്ത ബന്ധം സ്ഥാപിച്ച് ഒരുവേള അവർക്കുവേണ്ടി തിരഞ്ഞെടുപ്പിൽ പ്രചാരണത്തിൽവരെ പങ്കാളിയായത് അവസാനകാലത്ത് ഇന്ത്യയിലെ മുസ്‌ലിം സംഘടനകളുടെ കടുത്ത എതിർപ്പിന് കാരണമാവുകയുണ്ടായി.

രാജ്യം പൗരന്മാർക്ക് നൽകുന്ന രണ്ടാമത്തെ ഏറ്റവും വലിയ വ്യക്തിഗത അംഗീകാരമായ പത്മവിഭൂഷൻ പുരസ്കാരം അദ്ദേഹത്തെ തേടിയെത്തുകയുണ്ടായി. അദ്ദേഹത്തിനെതിരിൽ പല വിമർശനങ്ങളുമുണ്ടെങ്കിലും ഇസ്‌ലാമിനെ ബൗദ്ധികതലത്തിൽ പ്രതിരോധിച്ചുനിർത്തുന്നതിൽ അദ്ദേഹത്തിന്റെ 200ലധികം വരുന്ന രചനകൾ നൽകുന്ന സംഭാവനകൾ വലിയതാണ്.

# കർമങ്ങളെ നിഷ്ഫലമാക്കുന്ന പ്രകടനപരത

ഇസ്‌ലാം പഠിപ്പിക്കുന്ന മുഴുവൻ വിശ്വാസകാര്യങ്ങളിലും അടിയുറച്ചു വിശ്വസിക്കുകയും അനുശാസിക്കപ്പെട്ട ആരാധനാകർമങ്ങളും മറ്റു സൽകർമങ്ങളും അനുഷ്ഠിക്കുകയും ചെയ്യുന്നവരാണ് യഥാർഥ സത്യവിശ്വാസികൾ. അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ടായിരിക്കണം കർമങ്ങൾ ചെയ്യേണ്ടത്. കർമങ്ങളിലൂടെ ഐഹികമായ നേട്ടം ആഗ്രഹിക്കുന്നത് ഉദ്ദേശങ്ങളിലുള്ള ശിർക്കിന്റെ ഭാഗമാണ്. അല്ലാഹുവും അവന്റെ റസൂലും ക്വുർആനിലൂടെയും സുന്നത്തിലൂടെയും ഇതിനെതിരെ താക്കീത് നൽകിയിട്ടുണ്ട്. തൗഹീദിന്റെ പൂർണതക്കെതിരും കർമങ്ങളെ നിഷ്ഫലമാക്കുന്നതുമാണിത്.

അല്ലാഹു പറയുന്നു: "ഐഹികജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം നിറവേറ്റിക്കൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞു പോയിരിക്കുന്നു. അവർ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം ഫലശൂന്യമത്രെ" (ക്വുർആൻ 11:15,16).

ഇഹലോകം ആഗ്രഹിക്കുന്നവർക്ക് സന്തോഷം, കുടുംബം, സന്താനം, സമ്പത്ത്, ആരോഗ്യം എന്നിവയിലൂടെ അത് നൽകപ്പെടും. അതും അല്ലാഹുവിന്റെ ഉദ്ദേശത്തിൽ അധിഷ്ഠിതമാണ്. പരലോകത്ത് നരകമാണവർക്കുള്ളത്. കാരണം പരലോകം അവർ ആഗ്രഹിച്ചിട്ടില്ല.

"അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമം പ്രവർത്തിക്കുകയും തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ" (ക്വുർആൻ 18:110).

അബൂഹുറയ്റ(റ) നിവേദനം; റസൂൽ(ﷺ) പറഞ്ഞു: "അല്ലാഹു പറഞ്ഞിരിക്കുന്നു: 'ശിർക്ക് ചെയ്യുന്നവരുടെ ശിർക്കിനെ തൊട്ട് ഞാൻ ധന്യനാണ്. ആരെങ്കിലും ഒരു കാര്യം പ്രവർത്തിക്കുകയും എന്നിട്ട് അതിൽ ഞാനല്ലാത്തവരെ പങ്കാളികളാക്കുകയും ചെയ്താൽ അവനെയും അവന്റെ ശിർക്കിനെയും ഞാൻ വിട്ടുകളഞ്ഞിരിക്കുന്നു" (മുസ്‌ലിം).

ഒരു ആരാധനാകർമം ചെയ്യുമ്പോൾ അത് ജനങ്ങൾ കാണട്ടെ എന്ന ചിന്തയുണ്ടെങ്കിൽ അത് ലോകമാന്യത്തിൽ പെടുന്നു. അയാൾ ആ കർമത്തിലൂടെ ആഗ്രഹിക്കുന്നത് ജനങ്ങൾക്കിടയിൽ സൽപേരും സൽകീർത്തിയുമാണ്. അപ്പോൾ അത് അല്ലാഹുവിൽ പങ്കുചേർക്കൽ അഥവാ ശിർക്ക് ആയി മാറി. കാരണം ആ കർമത്തിൽ അല്ലാഹുവിന്റെ തൃപ്തി മാത്രം ആഗ്രഹിക്കേണ്ട സ്ഥാനത്ത് ആളുകളുടെതൃപ്തിയും അവർക്കിടയിലെ നല്ലപേരുമാണ് അയാൾ ആഗ്രഹിച്ചത്. അത്തരം കർമങ്ങൾ അല്ലാഹു സ്വീകരിക്കില്ല; എന്നു മാത്രമല്ല, അതിന് ശിക്ഷ ലഭിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:

"എന്നാൽ നമസ്കാരക്കാർക്കാകുന്നു നാശം. തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരായ. ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരായ" (ക്വുർആൻ 107:4-6).

ലോകമാന്യം (രിയാഅ്) ചെറിയ ശിർക്കിന്റെ ഇനത്തിലാണ് ഉൾപ്പെടുന്നത്. കാരണം അടിസ്ഥാനപരമായി അത് പ്രകടിപ്പിക്കുന്നയാൾ ഏകദൈവ വിശ്വാസിയാണ്. എന്നാൽ രിയാഅ് മൂലം ഒരാളുടെ തൗഹീദിന്റെ പൂർണതയിൽ ഭംഗം വരുന്നതാണ്. അതിനാൽ കർമങ്ങളിൽ പ്രകടനപരത കടന്നുവരാതിരിക്കാൻ പരമാവധി പരിശ്രമിക്കുക.

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

4

ഒരാൾ ഒരു നന്മ പ്രവർത്തിക്കുകയും ശേഷം ആ സൽകർമത്തെ നിഷ്ഫലമാക്കുന്ന വല്ല തിന്മയും പ്രവർത്തിക്കുകയും ആ തെറ്റിൽനിന്ന് പിന്നീട് പശ്ചാത്തപിച്ചു മടങ്ങുകയുമാണെങ്കിൽ അയാൾ ആദ്യം ചെയ്ത നന്മയുടെ പ്രതിഫലം അയാൾക്ക് തിരിച്ചുകിട്ടുമോ എന്ന ചർച്ച മേൽപറഞ്ഞ അടിസ്ഥാനത്തെ ആശ്രയിച്ചു നിൽക്കുന്ന ചർച്ചയും അഭിപ്രായങ്ങളുമാണ്.

എന്റെ മനസ്സിൽ ഈ വിഷയത്തിൽ ഇപ്പോഴും എന്തോ ഒരു വ്യക്തതക്കുറവുണ്ട്. അതിലെ സത്യം അറിയാൻ ഞാൻ അതീവ താൽപര്യത്തോടെ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിന് ഒരു ശമനം നൽകുന്ന ആരെയും ഞാൻ കണ്ടില്ല. എനിക്ക് മനസ്സിലാകുന്നത്- അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ. അവനോടാണ് സഹായം തേടുന്നതും. അവനെക്കൊണ്ടല്ലാതെ യാതൊരു കഴിവുമില്ല- നന്മകളും തിന്മകളും പരസ്പരം

കൊടുത്തും വാങ്ങിയും നിലകൊള്ളുന്നു എന്നാണ്. അന്തിമവിധി അതിൽ മികച്ചു നിൽക്കുന്ന അഥവാ അതിജയിച്ചു നിൽക്കുന്നതിനായിരിക്കും. അപ്പോൾ അത് മറ്റേതിനെ കീഴ്പ്പെടുത്തി അതിജയിക്കും. അപ്പോൾ വിധി അതിനും, പരാജയപ്പെട്ടത് നന്മയായാലും തിന്മയായയാലും മുമ്പ് ഇല്ലാത്തത് പോലെയായിത്തീരും. അതായത് ഒരാളുടെ നന്മകൾ അയാളുടെ തിന്മകളെ അതിജയിച്ചാൽ ആ അധികരിച്ച നന്മകൾ തിന്മകളെ പ്രതിരോധിക്കും. അങ്ങനെ തിന്മകളിൽ നിന്ന് പശ്ചാത്തപിക്കുകയും കൂടി ചെയ്യുമ്പോൾ അനുബന്ധമായി കുറെ നന്മകൾകൂടി വന്നുചേരുന്നു. അത് ചിലപ്പോൾ തിന്മകൾകൊണ്ട് നിഷ്ഫലമാക്കപ്പെട്ട നന്മകളെക്കാൾ അധികരിക്കുകയും ചെയ്തേക്കാം. അതിനാൽ പശ്ചാത്തപിച്ചു നന്മ ചെയ്യാൻ ഒരാൾ ദൃഢനിശ്ചയം ചെയ്യുകയും അത് ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് ഉത്ഭവിക്കുകയും കുറ്റമറ്റതാവുകയും ചെയ്താൽ കഴിഞ്ഞുപോയ തിന്മകളെയെല്ലാം കരിച്ചുകളയാൻ മാത്രം ശേഷിയുള്ളതാണത്. അങ്ങനെ മുമ്പ് അത്തരം തിന്മകളൊന്നും ഉണ്ടായിട്ടേയില്ലാത്തതുപോലെ ആയിത്തീരും. നിശ്ചയം, സത്യസന്ധമായി പശ്ചാതപിക്കുന്നവൻ പാപങ്ങൾ ചെയ്യാത്തവനെപ്പോലെയാണ്.

ഹദീഥിൽ പരാമർശിക്കപ്പെട്ട ഈ താക്കീതുകളെക്കുറിച്ച് പണ്ഡിതന്മാർ വ്യത്യസ്ത വിവരണങ്ങളാണ് നൽകിക്കാണുന്നത്. ഒന്ന്, ബാഹ്യമായ അർഥത്തിൽ തന്നെയുള്ള വിവരണമാണ്. അഥവാ ഒരു നിർബന്ധ നമസ്കാരം പോലും മനഃപൂർവം ആരെങ്കിലും ഉപേക്ഷിച്ചാൽ അയാൾ ഇസ്‌ലാമിൽനിന്ന് പുറത്ത് പോയി. അസ്വ്ർ നമസ്കാരം പ്രത്യേക ശ്രേഷ്ഠതയുള്ള നമസ്കാരമായതിനാൽ അതിനെ പ്രത്യേകം പരാമർശിച്ചു എന്നേയുള്ളു.

രണ്ടാമത്തെ വിശദീകരണം: ഇത് ബാഹ്യാർഥത്തിലല്ല. ഈ പറഞ്ഞവർ തന്നെ പിന്നീടുള്ള വിവരണങ്ങൾ വ്യത്യസ്ത രൂപത്തിലാണ് നൽകിയിട്ടുള്ളത്. അവയിൽ പ്രധാനപ്പെട്ടവ ഇങ്ങനെ സംഗ്രഹിക്കാം:

1. നമസ്കാരം ഉപേക്ഷിക്കൽ അനുവദനീയമെന്ന വിശ്വാസത്തിൽ, അഥവാ നിർബന്ധത്തെ നിഷേധിച്ചുകൊണ്ട് ഉപേക്ഷിക്കൽ.

2. അലസതമൂലം അസ്വ്ർ നമസ്കാരം സമയം കഴിഞ്ഞ് നമസ്കരിക്കുന്നവന് അത് സമയത്തു നമസ്കരിച്ചവന്റെ പ്രതിഫലമില്ല. അഥവാ ആ നമസ്കാരത്തിന്റെ പ്രതിഫലം അയാൾ നശിപ്പിച്ചുവെന്ന് സാരം.

3. കർമങ്ങൾ നഷ്ടപ്പെടുത്തി എന്നാൽ പ്രതിഫലത്തിന്റെ വമ്പിച്ചഭാഗം നഷ്ടപ്പെടുത്തി എന്ന് വിവക്ഷ നൽകിയവർ.

എന്തുതന്നെയായാലും നമസ്കാരം ഉപേക്ഷിക്കൽ അതീവ ഗുരുതരമായ കുറ്റമാണ്, അതിൽ അസ്വ്ർ നമസ്കാരം പ്രത്യേകം പരിഗണനയർഹിക്കുന്നുണ്ട് എന്നും ഉപരിസൂചിത ഹദീഥുകൾ നമ്മെ ഓർമിപ്പിക്കുന്നു. അതിനാൽ ഖലീലുല്ലാഹി ഇബ്‌റാഹിം(ﷺ) പ്രാർഥിച്ചപോലെ നമുക്കും പ്രാർഥിക്കാം:

“എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽപെട്ടവരെയും (അപ്രകാരം ആക്കേണമേ). ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ” (14:40).

ഹകീമുബ്നു ഹിസാം(رضي الله عنه) ഒരിക്കൽ നബി(ﷺ)യോട് താൻ മുസ്‌ലിമാകുന്നതിനു മുമ്പ് ചെയ്ത അടിമ മോചനം, കുടുംബ ബന്ധം ചേർക്കൽ, പുണ്യം ചെയ്യൽ മുതലായ കാര്യങ്ങൾക്കു പ്രതിഫലം കിട്ടുമോ എന്നു ചോദിച്ചു. അപ്പോൾ നബി(ﷺ) അദ്ദേഹത്തോട് പറഞ്ഞു: ‘നീ മുമ്പു ചെയ്ത നന്മകളോടൊപ്പമാണ് മുസ്‌ലിമായത്” (ബുഖാരി, മുസ്‌ലിം).

ബഹുദൈവത്വംകൊണ്ട് നിഷ്ഫലമായിപ്പോകുമായിരുന്ന പ്രസ്തുത സൽകർമങ്ങളുടെ പ്രതിഫലം ഇസ്‌ലാം സ്വീകരിക്കുന്നതിലൂടെ അദ്ദേഹത്തിന് തിരിച്ചുകിട്ടുമെന്നാണ് ഇത് അറിയിക്കുന്നത്. ബഹുദൈവത്വത്തിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങിയപ്പോൾ മുൻകഴിഞ്ഞ സൽകർമങ്ങളുടെ പ്രതിഫലം അദ്ദേഹത്തിലേക്ക് മടങ്ങിവരുമെന്ന് സാരം.

ഇപ്രകാരം ഒരാൾ നിഷ്കളങ്കവും സത്യസന്ധവുമായ, ശരിയായ തൗബ (പശ്ചാത്തപം) നിർവഹിച്ചാൽ അയാളുടെ മുൻകഴിഞ്ഞ തിന്മകൾ കരിച്ചുകളയപ്പെടുകയും നന്മകളുടെ പ്രതിഫലം അയാൾക്ക് തിരിച്ചുകിട്ടുകയും ചെയ്യും.

(ഇബ്നുൽഖയ്യിം(റഹി) സംശയത്തോടുകൂടി പറഞ്ഞ ഇക്കാര്യം തന്റെ പിൽക്കാല രചനയായ ‘മദാരിജുസ്സാലികീൻ’ എന്ന ഗ്രന്ഥത്തിൽ (1/308) ബലപ്പെടുത്തി സ്ഥിരീകരിക്കുന്നുണ്ട്).

പനിയും വേദനകളുമൊക്കെ ശരീരത്തെ ബാധിക്കുന്ന രോഗങ്ങളാണെന്നപോലെ നിശ്ചയം തിന്മകളും പാപങ്ങളും മനസ്സിനെ ബാധിക്കുന്ന രോഗങ്ങളാണന്നാണ് ഇത് വ്യക്തമാക്കുന്നത്. രോഗി തന്റെ അസുഖങ്ങളിൽനിന്ന് പ

രിപൂർണ ആരോഗ്യത്തോടെ മുക്തനായാൽ മുമ്പത്തെക്കാൾ നല്ലരൂപത്തിൽ അയാൾക്ക് ശക്തിയും ആരോഗ്യവും പ്രതിരോധശേഷിയുമൊക്കെ ആർജിച്ചിട്ടുണ്ടാവും. ക്ഷീണമോ രോഗമോ ഒന്നും അയാൾക്ക് തീരെ ബാധിച്ചിട്ടില്ലാത്തപോലെ ആരോഗ്യവാനായേക്കും. മുൻകാല ശേഷിയും ശക്തിയും നന്മകളുടെ സ്ഥാനത്താണ്. അയാൾക്ക് ബാധിച്ച രോഗം പാപത്തിന്റെ സ്ഥാനത്തും ആരോഗ്യവും സൗഖ്യവും തൗബയുടെ സ്ഥാനത്തും.

എന്നാൽ ചില രോഗികൾക്ക് ആരോഗ്യം തീരെ തിരിച്ചുകിട്ടാത്തതായും ഉണ്ട്. മുമ്പത്തെ അവസ്ഥയിലേക്ക് ആരോഗ്യസ്ഥിതി മാറിവരുന്നവരുമുണ്ടാകും. മറ്റുചിലർക്കാകട്ടെ പൂർവോപരി ഉന്മേഷത്തിലും ശക്തിയിലും ആരോഗ്യം തിരിച്ചുകിട്ടുന്നതും കാണാം. എത്രത്തോളമെന്നാൽ ചില ശാരീരിക സൗഖ്യങ്ങളുടെ നിമിത്തം ചില രോഗങ്ങളാണ് എന്ന് പറയാവുന്നിടത്തോളം അവസ്ഥകൾ മാറിവരാം. എല്ലാം ഓരോ പ്രതികരണത്തിന്റെയും സ്ഥിതിക്കനുസരിച്ചാണെന്ന് മാത്രം

ഒരു കവി പറഞ്ഞതുപോലെ: "നിന്റെ ആക്ഷേപത്തിന്റെ അന്ത്യം സ്തുതിഗീതങ്ങളായേക്കാം. കാരണം, ചില ശരീരങ്ങൾ രോഗങ്ങൾകൊണ്ട് സുഖം പ്രാപിക്കാറുണ്ട്."

ഇപ്രകാരമാണ് ഒരാൾ തൗബക്ക് ശേഷം ഈ മൂന്ന് അവസ്ഥകളിലാകുന്നത്. അല്ലാഹുവാണ് തൗഫീക് നൽകുന്നവൻ. അവനല്ലാതെ ആരാധനക്കർഹനായി മാറ്റാരുമില്ല, അവനല്ലാതെ രക്ഷകനില്ല.

### വിലക്കുകളോടുള്ള ആദരവിന്റെ അടയാളങ്ങൾ

മതത്തിന്റെ വിലക്കുകളോട് ഒരാൾക്ക് ആദരവുണ്ടെങ്കിൽ അതിന്റെ സ്ഥലങ്ങളിൽനിന്നും അതിലേക്കെത്തിക്കുന്ന കാര്യങ്ങളിൽനിന്നും അതിന്റെ പ്രേരകങ്ങളിൽനിന്നുമൊക്കെ വിട്ടകന്നു നിൽക്കാൻ അയാൾ അതീവ താൽപര്യം കാണിക്കും. അതിലേക്ക് അടുപ്പിക്കുന്ന എല്ലാവഴികളും അയാൾ കയ്യൊഴിക്കും; ദുഷ്ചിത്രങ്ങളും രൂപങ്ങളും പ്രദർശിപ്പിക്കുന്ന സ്ഥലങ്ങളിൽനിന്ന് വിട്ടകന്നുപോകുന്ന ആളുകളെ പോലെ. കാരണം ആ ചിത്രങ്ങളും രൂപങ്ങളുമാണ് പല അനാശാസ്യങ്ങൾക്കും തുടക്കമിടുന്നത്. അതിനാൽ ആ അപകടത്തെ ഭയന്നുകൊണ്ട് അയാൾ അവിടെനിന്നും ഓടിയകലും. എത്രത്തോളമെന്നാൽ, പ്രസ്തുത സൂക്ഷ്മതയുടെയും ജാഗ്രതയുടെയും ഭാഗമായി കുഴപ്പത്തെ പേടിച്ചുകൊണ്ട് കുഴപ്പമില്ലാത്തതുവരെ കയ്യൊഴിക്കുന്ന സ്ഥിതിയുണ്ടാകും. മതം അനഭിലഷണിയമായിക്കണ്ട കാര്യങ്ങളിൽ (മക്റൂഹ്) പെട്ടുപോകുമെന്ന് ഭയന്ന് മതം അനുവദിച്ച കാര്യങ്ങളിലെ (മുബാഹ്) അത്യാവശ്യമില്ലാത്തവയെ കയ്യൊഴിക്കുന്നതിലേക്ക് അയാൾ എത്തും. അപ്രകാരംതന്നെ മതം വിലക്കിയ അത്തരം അരുതായ്മകൾ പരസ്യമായി ചെയ്യുന്നവർ, അതിനെ ന്യായീകരിക്കുന്നവർ, അതിലേക്ക് പ്രേരിപ്പിക്കുന്നവർ, അതിന്റെ ഗൗരവം കുറച്ചുകാണുന്നവർ, ആ അരുതായ്മകൾ ചെയ്യുന്നത് ഗൗനിക്കാത്തവർ എന്നിവരിൽനിന്നും അയാൾ വിട്ടകന്നുപോകും. തീർച്ചയായും ഇത്തരത്തിലുള്ളവരുമായുള്ള കൂടിക്കലരലും അവരോട് ഇഴുകിച്ചേരലും അല്ലാഹുവിന്റെ ശാപകോപങ്ങളിലേക്ക് ഒരാളെ എത്തിക്കുന്നതാണ്. അല്ലാഹുവിനോടും അവന്റെ വിധിവിലക്കുകളോടുമുള്ള ആദരവ് മനസ്സിൽനിന്ന് നഷ്ടപ്പെട്ടുപോയവർക്കല്ലാതെ ഇതുമായി ഇഴുകിച്ചേരാൻ കഴിയുകയില്ല.

ഒരു ഉദാഹരണം: ചൂട് കഠിനമാകുന്ന സന്ദർഭങ്ങളിൽ ദുഹ്ർ നമസ്കാരം പിന്തിപ്പിച്ചു നിർവഹിക്കാനുള്ള നിർദേശം നബിﷺയുടെ സുന്നത്തിൽ വന്നിട്ടുണ്ട്. എന്നാൽ അതിന്റെ പേരിൽ ദുഹ്റിന്റെ നിർണിത സമയം തെറ്റിക്കുകയും ഏറ്റവും അവസാന സമയത്തേക്ക് അത് പിന്തിപ്പിക്കുകയും ചെയ്യൽ ഒരുതരം 'വരണ്ട' ഇളവെടുക്കലാണ്.

സത്യത്തിൽ ഈ ഇളവിലെ യുക്തി, കഠിനമായചൂടുള്ള സന്ദർഭത്തിലെ നമസ്ക്കാരം ഭക്തിയും മനഃസാന്നിധ്യവുമില്ലാത്ത, അലസതയോടെയും വെറുപ്പോടുകൂടിയുമുള്ള ഒരുതരം യാന്ത്രികമായ ആരാധനയായിരിക്കുമെന്നതിനാൽ ആ ചൂട് ശമിക്കുന്നതുവരെ അത് പിന്തിപ്പിക്കാൻ മതം നിർദേശിച്ചു എന്നതാണ്. അപ്പോൾ ഹൃദയസാന്നിധ്യത്തോടെയും ഭക്തിയോടുകൂടിയും നമസ്കരിക്കാനും നമസ്കാരത്തിന്റെ ലക്ഷ്യവും മർമവുമായ ഭയഭക്തിയും പടച്ചവനിലേക്ക് പൂർണമായി തിരിയുവാനും അതിലൂടെ സാധിക്കും. ഇതേപോലെ തന്നെയാണ് വിശന്നിരിക്കുന്ന സന്ദർഭത്തിൽ ഭക്ഷണം മുന്നിൽവെച്ച് നമസ്കരിക്കാൻ നിൽക്കുന്നതും മലമൂത്ര വിസർജനത്തിനായി മുട്ടിക്കൊണ്ടിരിക്കുമ്പോൾ അത് ശമിപ്പിക്കാതെ ആരാധനക്കൊരുമ്പെടുന്നതും. ഇവ രണ്ടും നബിﷺ വിലക്കിയിട്ടുണ്ട്. കാരണം ഇത്തരം സന്ദർഭങ്ങളിൽ നമസ്കാരം എന്ന ശ്രേഷ്ഠമായ ആരാധനാകർമത്തിന്റെ ലക്ഷ്യത്തിൽനിന്ന് മനസ്സിനെ അലോസരപ്പെടുത്തുന്ന കാര്യങ്ങളുമായി മനസ്സ് വ്യാ

പൃതമായിരിക്കും. അപ്പോൾ പ്രസ്തുത ആരാധനയുടെ ലക്ഷ്യം കൈവരിക്കാനാവുകയില്ല. അതിനാൽ ഒരാളുടെ ആരാധനയെ സംബന്ധിച്ചുള്ള ഗ്രാഹ്യതയുടെ ഭാഗമാണ് തന്റെ മനസ്സിനെ അസ്വസ്ഥമാക്കുന്ന കാര്യങ്ങൾ തീർത്തിട്ട് പൂർണമനസ്സുമായി നമസ്കാരത്തിനു നിൽക്കുകയെന്നത്.

അങ്ങനെയാകുമ്പോൾ തന്റെ മനസ്സും മുഖവും ശരീരവുമെല്ലാമായി പരിപൂർണമായി ആ ആരാധനയിലേക്ക് തിരിയാൻ അയാൾക്ക് സാധിക്കും. ഇങ്ങനെയുള്ള രണ്ടു റക്അത് നമസ്കാരത്തിലൂടെ തന്റെ കഴിഞ്ഞുപോയ പാപങ്ങൾ അയാൾക്ക് പൊറുക്കപ്പെടുന്നതായിരിക്കും.

അതായത് മതത്തിലെ ഇളവുകൾ അയാൾ സ്വീകരിക്കുന്നത് മതനിയമങ്ങളോടുള്ള ഒരുതരം 'വരണ്ട' നീരസം കൊണ്ടല്ല എന്ന് സാരം.

അപ്രകാരംതന്നെ പ്രതിബന്ധങ്ങളുള്ള സാഹചര്യങ്ങളിൽ രണ്ട് നമസ്കാരങ്ങൾ തമ്മിൽ 'ജംഅ്' ആക്കി ഒരു സമയത്ത് നിർവഹിക്കാൻ യാത്രക്കാരന് ഇളവുണ്ട്. യാത്ര തുടരുന്ന സാഹചര്യത്തിൽ ഓരോ നമസ്കാരവും അതാതിന്റെ സമയങ്ങളിൽ നിർവഹിക്കുകയെന്നത് പ്രയാസകരമാകുമെന്നത് പറയേണ്ടതില്ലല്ലോ. എന്നാൽ ഒരുസ്ഥലത്ത് രണ്ടോ മൂന്നോ ദിവസം തമ്പടിക്കാൻ തീരുമാനിച്ചാൽ, അല്ലെങ്കിൽ ആ ദിവസം യാത്രയില്ലാതെ അവിടെത്തന്നെ നിൽക്കുകയാണെങ്കിൽ രണ്ടു നമസ്കാരങ്ങൾ തമ്മിൽ ജംആക്കുന്നതിനു യാതൊരു ആവശ്യവുമില്ല. കാരണം, ഓരോ നമസ്കാരവും അതാതിന്റെ സമയത്ത് നിർവഹിക്കുവാൻ യാതൊരു പ്രയാസവുമില്ലാതെ തന്നെ അയാൾക്ക് സാധിക്കും. അതായത്, ഭൂരിഭാഗം യാത്രക്കാരും ധരിച്ചുവെച്ചതുപോലെ പ്രയാസങ്ങളുണ്ടായാലും ഇല്ലെങ്കിലും യാത്രയിൽ അനിവാര്യമായും അനുവർത്തിക്കേണ്ട ഒരു സുന്നത്തോന്നുമല്ല ജംആക്കുകയെന്നത്. മറിച്ച് ആവശ്യസന്ദർഭത്തിൽ എടുക്കാവുന്ന ഒരു ഇളവ് മാത്രമാണ് ജംഅ്. എന്നാൽ 'ക്വസ്ർ' (നാലു റക്അത്തുള്ള നമസ്കാരം രണ്ടുറക്അത്തായി ചുരുക്കി നമസ്ക്കരിക്കൽ) യാത്രയിൽ അനുവർത്തിക്കേണ്ട പ്രബലമായ സുന്നത്ത് തന്നെയാണ്. അഥവാ, പ്രയാസങ്ങളുണ്ടായാലും ഇല്ലെങ്കിലും നാലു റക്അത്തുള്ള നമസ്കാരം രണ്ടുറക്അത്താക്കി ചുരുക്കി നമസ്ക്കരിക്കൽ യാത്രക്കാരനുള്ള സുന്നത്താണ്. എന്നാൽ രണ്ടു സമയങ്ങളിലെ നമസ്കാരം ഒരു സമയത്തായി നിർവഹിക്കാൻ (ജംആക്കൽ) ആവശ്യ സന്ദർഭങ്ങളിലുള്ള ഒരു ഇളവ് മാത്രമാണ്. രണ്ടും രണ്ടായിത്തന്നെ ഗ്രഹിക്കേണ്ടതുണ്ട്.

ഇതേപോലെ തന്നെയാണ് വിശപ്പ് മാറുവോളം ഭക്ഷണം കഴിക്കൽ; അത് ഒരു ഇളവാണ്. നിഷിദ്ധമല്ല. എന്നാൽ അതിൽ അതിരുവിട്ട് മൂക്കറ്റം തിന്നുകയും ശ്വാസംമുട്ടുവോളം ഭക്ഷിക്കുകയും ചെയ്യൽ

> **ഒരാളുടെ നന്മകൾ അയാളുടെ തിന്മകളെ അതിജയിച്ചാൽ ആ അധികരിച്ച നന്മകൾ തിന്മകളെ പ്രതിരോധിക്കും. അതോടെ അയാൾക്ക് നേർവഴി തെളിയും.**

ചെയ്യൽ ഒരിക്കലും പാടുള്ളതല്ല. അപ്പോൾ ഭക്ഷണത്തിലെ വൈവിധ്യങ്ങൾ അയാൾ തേടിക്കൊണ്ടിരിക്കും. ഭക്ഷണത്തിനു മുമ്പും ശേഷവും അത്തരക്കാരുടെ മുഖ്യവിഷയം തന്റെ വയറുതന്നെയായിരിക്കും. എന്നാൽ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം വിശക്കുമ്പോൾ ഭക്ഷണം കഴിക്കുക എന്നതാണ്. വിശപ്പ് മാറുവോളം തിന്നാം. ഭക്ഷണത്തോട് താൽപര്യമുണ്ടായിരിക്കെ ഭക്ഷണമൊഴിവാക്കാൻ, അഥവാ തീറ്റ അവസാനിപ്പിക്കാൻ കഴിയണം. അതിന്റെ മാനദണ്ഡം നബിﷺ പറഞ്ഞ ഈ വാക്കുകളാണ്: 'മൂന്നിൽ ഒരുഭാഗം തന്റെ ഭക്ഷണത്തിനും മൂന്നിൽ ഒന്ന് പാനീയത്തിനും ബാക്കി മൂന്നിലൊന്ന് ശ്വാസോഛ്വാസത്തിനുമാണ്.' അതിനാൽ ആ മൂന്നു ഭാഗവും മുഴുവനായി ഭക്ഷണത്തിനു മാത്രമാക്കരുത്.

വിധിവിലക്കുകളിൽ അതിരുവിട്ട തീവ്രത കാണിക്കുന്നതും ഇസ്‌ലാമികമല്ല; വുദൂഅ് എടുക്കുമ്പോൾ 'വസ്‌വാസ്' കാണിച്ച് അതിൽ അതിരുവിടുകയും അവസാനം നമസ്കാരത്തിന്റെ ശ്രേഷ്ഠമായ സമയം നഷ്ടപ്പെടുത്തുകയും ചെയ്യുന്നതുപോലെ. അല്ലെങ്കിൽ നമസ്കരിക്കാൻ നിൽക്കുമ്പോൾ തക്ബീറത്തുൽ ഇഹ്റാം ആവർത്തിച്ചാവർത്തിച്ച് ഇമാമിനോടൊപ്പമുള്ള ഫാതിഹ പാരായണം നഷ്ടപ്പെടുത്തുന്നത് പോലെ. ചിലപ്പോൾ ആ റക്അത്ത് തന്നെ നഷ്ടപ്പെടുകയും ചെയ്തേക്കും! അതുമല്ലെങ്കിൽ ഭക്തിയുടെയും സൂക്ഷ്മതയുടെയും പേരിൽ അതിരുവിട്ട് പൊതുവിലുള്ള മുസ്‌ലിംകളുടെ, അഥവാ മറ്റുള്ളവരുടെ ഭക്ഷണസാധനങ്ങളൊന്നും കഴിക്കാതെ തീവ്രത പുലർത്തുന്നതുപോലെ. ഹറാമുകളെന്നു സംശയിക്കപ്പെടുന്ന സാമ്പാദ്യങ്ങൾ അതിൽ വന്നിട്ടുണ്ടോ എന്ന പേടിയിലാണത്രെ അവ ഒഴിവാക്കുന്നത്! (അവസാനിച്ചില്ല)



# ജീവവായുവിന് കേഴുന്ന ഇന്ത്യ

> **മനഃസാക്ഷിയുള്ള ഏതൊരാളുടെയും ഹൃദയം പിളർക്കുന്ന വാർത്തകളാണ് ഇന്ദ്രപ്രസ്ഥത്തിൽ നിന്നും കേട്ടുകൊണ്ടിരിക്കുന്നത്. ജീവന്റെ തുടിപ്പ് നിലനിർത്താനായി മനുഷ്യർ പരസ്പരം കടിപിടികൂടുന്ന സ്ഥിതിയിലേക്ക് രാജ്യമെത്തിയിരിക്കുന്നു! നാടിനെ ഈ അധോഗതിയിലേക്ക് തള്ളിവിട്ടത് ജനങ്ങളുടെ അവിവേകമോ ഭരണത്തലവന്മാരുടെ കെടുകാര്യസ്ഥതയോ?**

കവർ സ്റ്റോറി

നബീൽ പയ്യോളി
nabeelpayyoly@gmail.com

മഹാമാരിയുടെ രണ്ടാംവരവിൽ വിറങ്ങലിച്ച് നിൽക്കുകയാണ് രാജ്യം. ഒന്നാം തരംഗത്തിൽ യൂറോപ്പിൽ നിന്നും അമേരിക്കയിൽനിന്നും അടക്കം നമ്മൾ കേട്ട വാർത്തകളും ദുരന്ത ചിത്രങ്ങളും ഇന്ന് ഇന്ത്യയുടെ തെരുവോരങ്ങളിൽ നിന്നുമാണെന്നത് നാമേവരെയും അമ്പരപ്പിക്കുന്നു. ഒരു വർഷത്തിലധികം സമയമുണ്ടായിട്ടും വിദഗ്ധോപദേശങ്ങളും മുന്നറിയിപ്പുകളും വേ

ണ്ടുവോളം ലഭിച്ചിട്ടും ഇത്തരമൊരു ദുരന്തത്തിലേക്ക് രാജ്യത്തെ തള്ളിവിട്ടതിന്റെ ഉത്തരവാദിത്തം കേന്ദ്ര സർക്കാരിനുതന്നെയാണ്. സ്വന്തം ജനതയോട് ഒട്ടും കൂറുപുലർത്താതെ അധികാരം വെട്ടിപ്പിടിക്കാനും നിലനിർത്താനും സാമ്പത്തികലാഭത്തിനും വേണ്ടി മാത്രം നിലകൊള്ളുന്ന, മനുഷ്യത്വം മരവിച്ച ഭരണാധികാരികൾ തങ്ങളുടെ ജനതക്ക് സമ്മാനിച്ച ദുരന്തമാണിതെന്ന് പറയാതെ വയ്യ. കേന്ദ്ര സർക്കാരിന്റെ മൂക്കിനുതാഴെ ഡൽഹിയിലെ ആശുപത്രികളിലും തെരുവീഥികളിലും ജീവവായുവിനായി ഉയരുന്ന നിലവിളികൾ ഇനിയും നമ്മുടെ ഭരണകൂടത്തിന്റെ കണ്ണുതുറപ്പിക്കില്ലേ? കോവിഡിനെതിരെ വിജയം നേടിയെന്ന വീരവാദം മുഴക്കുകയായിരുന്നു കഴിഞ്ഞ ഏതാനും മാസങ്ങളായി കേന്ദ്ര സർക്കാരും സംഘപരിവാറും അവരെ അനുകൂലിക്കുന്നവരും. ഇന്നിതാ ലോകത്തിന് മുമ്പിൽ തലകുനിക്കുംവിധം രാജ്യം ജീവവായുവിനു വേണ്ടി കേഴുന്നു! ജീവൻ നഷ്ടപ്പെട്ട നൂറുകണക്കിന് ആളുകളെ ശ്മശാനങ്ങളിൽ കൂട്ടിയിട്ട് കത്തിക്കുകയാണ്. രാജ്യം എരിഞ്ഞുതീരുന്ന കാഴ്ച മനഃസാക്ഷിയുള്ള ഏതൊരാളുടെയും ഹൃദയം തകർക്കുന്നതാണ്. ഇത്തരം വാർത്തകളും വീഡിയോകളുമെല്ലാം നമ്മെ വല്ലാതെ വേട്ടയാടിക്കൊണ്ടിരിക്കുന്നു.

എന്തെടുക്കുകയായിരുന്നു കേന്ദ്രം ഇത്രനാളും എന്ന ചോദ്യത്തിനുള്ള ഉത്തരം അവരുടെ അധികാര കേന്ദ്രങ്ങൾ വിപുലപ്പെടുത്തുകയും ജനാധിപത്യ സംവിധാനങ്ങളെ തകിടംമറിക്കാൻ കോപ്പ് കൂട്ടുകയുമായിരുന്നു എന്നാണ്. പോണ്ടിച്ചേരി സർക്കാരിനെ അട്ടിമറിച്ചു, ബംഗാളിൽ ഭരണം പിടിക്കാൻ സർവ കുതന്ത്രങ്ങളും പയറ്റി, ഡൽഹി സർക്കാറിന്റെ മുഴുവൻ അധികാരങ്ങളും കൈക്കലാക്കാൻ ഓർഡിനൻസ് കൊണ്ടുവന്നു. രാജ്യം ദുരന്തമുഖത്ത് വിറങ്ങലിച്ച് നിൽക്കുമ്പോൾ നമ്മുടെ ഭരണനേതൃത്വം ഇത്തരം തിരക്കിലായിരുന്നു. മഹാമാരിയുടെ ഇരകളായ, രാജ്യത്തെ ബഹുഭൂരിപക്ഷം ജനതയുടെ സങ്കടങ്ങൾക്ക് ചെവികൊടുക്കാൻ അവർക്ക് നേരമുണ്ടായിരുന്നില്ല. കഴിഞ്ഞ വർഷം ആദ്യം തുടങ്ങിയ കോവിഡ് മഹാമാരി ലോകത്തെ മുഴുവൻ പിടിച്ചുകുലുക്കി. തുടക്കത്തിൽ എല്ലാവരും ഒന്ന് പകച്ചുനിന്നെങ്കിലും തങ്ങളുടെ ചുറ്റുമുള്ളവരുടെ ജീവനെടുക്കുന്ന മഹാമാരിയെ പ്രതിരോധിക്കാൻ ലോകരാജ്യങ്ങൾ ചടുലമായ നീക്കങ്ങളും നടപടികളുമായി മുന്നോട്ടു പോയി. ലോകം മുഴുവൻ സ്തംഭിച്ച നാളുകളിൽ ഭക്ഷണവും ചികിത്സയും ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടു. നമ്മുടെ രാജ്യം പാത്രംകൊട്ടിയും ലൈറ്റണച്ചും ഗോമൂത്രത്തിന്റെ മാഹാത്മ്യം പറഞ്ഞും ദുരന്തമുഖത്തെ ഇരകൾക്ക് നേരെ കൊഞ്ഞനംകുത്തുന്ന കാഴ്ചയാണ് നാം കണ്ടത്.

## വാക്സിൻ നയത്തിലെ കൊള്ളരുതായ്മകൾ

വാക്സിനാണ് കോവിഡ് പ്രതിരോധത്തിലെ ഏറ്റവും പ്രധാന ആയുധം. വാക്സിൻ സ്വീകരിച്ചവർക്ക് കോവിഡിനെ ഒരു പരിധിവരെ പ്രതിരോധിക്കാൻ സാധിച്ചിട്ടുണ്ട് എന്നാണ് ആരോഗ്യലോകം പറയുന്നത്. ലോകരാജ്യങ്ങൾ പലതും അതിന് നേർസാക്ഷിയുമാണ്. തങ്ങളുടെ രാജ്യത്തെ മുഴുവൻ ജനതക്കും സ്വദേശി, വിദേശി വ്യത്യാസമില്ലാതെ വാക്സിൻ ലഭ്യമാക്കുവാൻ ലോകത്തെ ഭരണകൂടങ്ങൾ ജാഗ്രത പുലർത്തിയത് അതാണ് പ്രതിരോധം ഫലപ്രദമായി നടപ്പിലാക്കാനുള്ള വഴി എന്ന തിരിച്ചറിവുകൊണ്ട്തന്നെയാണ്. സ്വന്തം രാജ്യത്ത് വാക്സിൻ ഉൽപാദനം നടത്താത്ത രാജ്യങ്ങൾ വാക്സിൽ ലഭ്യമായ ഇടങ്ങളിൽനിന്നും വാങ്ങി തങ്ങളുടെ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചപ്പോൾ ഇന്ത്യ അതിനെ സ്വകാര്യ കമ്പനികൾക്ക് ലാഭം നേടിക്കൊടുക്കാനുള്ള വഴിയായി കണ്ടു. രാജ്യത്തെ ജനങ്ങൾക്ക് ആവശ്യമായ വാക്സിൻ ഉൽപാദനം ഉറപ്പുവരുത്താതെ

> **18 മുതൽ 45 വയസ്സുവരെയുള്ള, രാജ്യത്തെ 75 ശതമാനത്തോളംവരുന്ന ജനതക്ക് കേന്ദ്ര സർക്കാരിന്റെ സഹായം കോവിഡ് പ്രതിരോധ പ്രവർത്തനരംഗത്ത് ഉണ്ടാവില്ല എന്നതാണ് പുതിയ വാക്സിൻ നയം സൂചിപ്പിക്കുന്നത്. അനിവാര്യമായും വാക്സിൻ ലഭിക്കേണ്ട കുറഞ്ഞ ശതമാനം ആളുകൾക്ക് അത് നൽകി തങ്ങളുടെ ഉത്തരവാദിത്തത്തിൽനിന്ന് ഒളിച്ചോടാനാണ് കേന്ദ്രം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേവലം കാഴ്ചക്കാരുടെ മാനസികാവസ്ഥയിലാണ് മോദിയും കൂട്ടരും. രാജ്യത്തിന്റെ ജീവനാഡിയാണ് യുവാക്കൾ. അവരുടെ വിഭവശേഷിയാണ് രാജ്യത്തിന്റെ വളർച്ചക്ക് ഉപയോഗിക്കേണ്ടതും. എന്നാൽ ഇവിടെ സംഭവിക്കുന്നത് അവരെ അന്യവൽക്കരിക്കാനുള്ള ശ്രമങ്ങളാണ്.**

വിദേശ രാജ്യങ്ങളിലേക്ക് കയറ്റിഅയക്കാൻ അവർ ധൃതികാണിച്ചു. മാർച്ച് അവസാനം മുതൽ സംസ്ഥാനങ്ങളിൽ ആവശ്യത്തിന് വാക്സിൻ ലഭ്യമല്ലെന്ന് സംസ്ഥാന സർക്കാരുകൾ പറയുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തി.

കോവിഡ് കാലഘട്ടത്തിലെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ പ്രധാനം എല്ലാവർക്കും സൗജന്യ കോവിഡ് വാക്സിൻ എന്നതായിരുന്നു. തെരഞ്ഞെടുപ്പുകൾ ഏകദേശം അവസാനിക്കുമ്പോൾ ആ വാഗ്ദാനങ്ങൾ അവർ മറന്നമട്ടാണ്. കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരിനും വ്യത്യസ്ത വിലയ്ക്കാണ് കമ്പനികൾ വാക്സിന് വിൽക്കുന്നത്. സ്വകാര്യ സ്ഥാപനങ്ങൾക്ക് മറ്റൊരു വിലയും! രാജ്യത്തിന് പുറത്തേക്ക് വാക്സിൻ കയറ്റി അയച്ചപ്പോൾ ഈടാക്കിയതിനെക്കാൾ കൂടിയ വിലയ്ക്കാണ് സ്വന്തം രാജ്യത്തെ സംസ്ഥാന സർക്കാരുകൾക്ക് വിൽക്കുന്നത്. യുഎസ്, യുകെ, യൂറോപ്യൻ യൂണിയൻ, സൗദി, ബംഗ്ലാദേശ്, തുടങ്ങിയ രാജ്യങ്ങൾ നൽകുന്നതിനെക്കാൾ കൂടുതൽ തുകയ്ക്കാണ് കോവിഷീൽഡ് ഇന്ത്യയിൽ ലഭ്യമാകുന്നത്. എന്തൊരു ക്രൂരതയാണിത്! കോവിഷീൽഡ് നിർമിക്കുന്നത് സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എന്ന സ്വകാര്യ സ്ഥാപനമാണ്. സംസ്ഥാനങ്ങൾക്ക് ഡോസ് ഒന്നിന് 400 രൂപ, സ്വകാര്യ സ്ഥാപനങ്ങൾക്ക് 600 രൂപ, കേന്ദ്രസർക്കാരിന് ഡോസ് ഒന്നിന് 150 രൂപ എന്ന തോതിലാണ് ലഭ്യമാകുന്നത്. സിറം ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്വകാര്യ സ്ഥാപനം ലാഭമടക്കം 150 രൂപക്ക് കേന്ദ്ര സർക്കാരിന് വിൽക്കുന്ന വാക്സിന് സംസ്ഥാന സർക്കാരുകൾ ഇരട്ടിയിലധികം ലാഭം നൽകണം എന്ന് തീരുമാനിച്ചത് എന്തടിസ്ഥാനത്തിലാണ്? സ്വകാര്യ കമ്പനികൾക്ക് ലാഭമുണ്ടാക്കുക എന്ന, ജനവിരുദ്ധഭരണകൂടത്തിന്റെ നയമാണ് ഈ ദുരന്ത സന്ദർഭത്തിലും നമുക്ക് കാണാൻ സാധിക്കുന്നത്. ഇന്ത്യയിൽ നിർമിച്ച വാക്സിൻ ഏറ്റവും കൂടിയ വിലയ്ക്ക് ഇന്ത്യക്കാർ തന്നെ വാങ്ങുന്ന 'അച്ഛാദിൻ' ആണ് മോദിയും സംഘപരിവാറും വാഗ്ദാനം നൽകുന്നത്!




ദുരന്ത കാലത്ത്, നിർദാക്ഷിണ്യം പെട്രോൾ വില കൂട്ടുന്ന സ്വകാര്യകമ്പനികളെ പോലെ വാക്സിൻ കമ്പനികൾ പെരുമാറുമോ എന്ന് കാത്തിരുന്ന് കാണാം. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് വ്യത്യസ്ത വില നിശ്ചയിക്കുകയും വാക്സിൻ വിതരണത്തിന്റെ ഉത്തരവാദിത്തം സംസ്ഥാന സർക്കാരുകളുടെ തലയിൽ കെട്ടിവെച്ച് കൈകഴുകുകയാണ് കേന്ദ്ര സർക്കാർ. മറ്റൊരു തരത്തിൽ പറഞ്ഞാൽ രാജ്യത്തെ പൗരന്മാരുടെ ജീവൻ രക്ഷിക്കേണ്ട ഉത്തരവാദിത്തം അവർക്കുതന്നെയാണെന്ന് പ്രഖ്യാപിക്കുകയാണ് കേന്ദ്രം ചെയ്യുന്നത്. വാക്സിൻ വിതരണം സംസ്ഥാന സർക്കാരും സ്വകാര്യസ്ഥാപനങ്ങളും നിർവഹിക്കുമ്പോൾ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ തങ്ങളുടെ ജീവൻ രക്ഷിക്കാനുള്ള വാക്സിന് പണം കണ്ടെത്തേണ്ടിയിരിക്കുന്നു. കോവിഡ് വിതച്ച പട്ടിണിയും കൂടിയാകുമ്പോൾ രാജ്യത്തിന്റെ തെരുവീഥികളെ കാത്തിരിക്കുന്നത് നിശ്ചലമായ മനുഷ്യശരീരങ്ങളായിരിക്കും. അവ എരിഞ്ഞുതീരുന്നതിന്റെ ഇരുണ്ട പുകയും ദുർഗന്ധവുമായിരിക്കാം അന്തരീക്ഷത്തിൽ നിറഞ്ഞുനിൽക്കുന്നത്.

18 മുതൽ 45 വയസ്സുവരെയുള്ള, രാജ്യത്തെ 75 ശതമാനത്തോളംവരുന്ന ജനതക്ക് കേന്ദ്ര സർക്കാരിന്റെ സഹായം കോവിഡ് പ്രതിരോധ പ്രവർത്തന രംഗത്ത് ഉണ്ടാവില്ല എന്നതാണ് പുതിയ വാക്സിൻ നയം സൂചിപ്പിക്കുന്നത്. അനിവാര്യമായും വാക്സിൻ ലഭിക്കേണ്ട കുറഞ്ഞ ശതമാനം ആളുകൾക്ക് അത് നൽകി തങ്ങളുടെ ഉത്തരവാദിത്തത്തിൽനിന്ന് ഒളിച്ചോടാനാണ് കേന്ദ്രം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേവലം കാഴ്ചക്കാരുടെ മാനസികാവസ്ഥയിലാണ് മോദിയും കൂട്ടരും. രാജ്യത്തിന്റെ ജീവനാഡിയാണ് യുവാക്കൾ. അവരുടെ വിഭവശേഷിയാണ് രാജ്യത്തിന്റെ

വളർച്ചക്ക് ഉപയോഗിക്കേണ്ടതും. രാജ്യം അടച്ചിടുക എന്ന, തികച്ചും അപ്രായോഗികവും ദൂരവ്യാപക പ്രത്യാഘാതങ്ങൾക്ക് കാരണമാവുകയും ചെയ്ത നടപടികൾ അടക്കം രാജ്യത്തെ ജനങ്ങളുടെ പോക്കറ്റ് കാലിയാക്കിയിരിക്കുന്നു. പട്ടിണിയിലാണ് നിന്ന് ഉത്തരേന്ത്യൻ ഗ്രാമങ്ങളിലധികവും. അവർക്ക് പണം എത്തിക്കാനും ആവശ്യസാധനങ്ങൾ വിതരണം ചെയ്യാനുമുള്ള പദ്ധതികൾ പലതും പാഴ്‌വാഗ്ദാനങ്ങളായി മാറി. പ്രതിപക്ഷവും രാജ്യത്തെ വിവരമുള്ളവരും പറയുന്ന കാര്യങ്ങൾക്ക് ചെവികൊടുക്കാതെ ഏകാധിപത്യത്തിന്റെ അപ്പോസ്തലന്മാർ നടപ്പിലാക്കിയ തുഗ്ലക്ക് പരിഷ്‌കാരങ്ങൾ രാജ്യത്തിന്റെ നട്ടെല്ലൊടിച്ച സാഹചര്യംകൂടി ചേർത്താണ് വാക്‌സിൻ നയത്തെ നാം വിലയിരുത്തേണ്ടത്. ബഹുഭൂരിപക്ഷം വരുന്ന ജനതക്ക് വാക്‌സിൻ ലഭ്യമാക്കി, തൊഴിലിടങ്ങളും കമ്പോളങ്ങളും സജീവമാക്കി പുനരുജ്ജീവനത്തിന്റെ മാർഗങ്ങൾ തേടേണ്ട സമയം കൈകഴുകി ഇന്ദ്രപ്രസ്ഥത്തിൽ അന്തിമയങ്ങുന്ന ഭരണാധികാരി ഫാസിസത്തിന്റെ മൂർത്തരൂപമാണെന്ന് പറയാതെ വയ്യ. പെട്രോൾ വില റോക്കറ്റ് പോലെ കുതിച്ചുയരുന്ന സാഹചര്യം നമ്മുടെ മുന്നിലുണ്ട്. ലോക സമ്പന്നന്മാരിൽ അംബാനിയും അദാനിയും മുന്നിൽ തന്നെയുണ്ട്. രാജ്യം പട്ടിണിയിലാണെങ്കിലും അംബാനി, അദാനിമാരുടെ സമ്പത്ത് അനുദിനം വർധിക്കുകതന്നെയാണ്.

രാജ്യത്തെ മുഴുവൻ ജനതക്കും സൗജന്യമായി വാക്‌സിൻ ലഭ്യമാക്കാൻ കേന്ദ്രസർക്കാറിന് ബാധ്യതയുണ്ട്. രാജ്യത്ത് ആവശ്യമായ വാക്‌സിൻ ഉൽപാദനം ഉറപ്പുവരുത്തുക, ആവശ്യമെങ്കിൽ കയറ്റുമതി നിർത്തലാക്കുക, വിദേശ രാജ്യങ്ങളിൽനിന്നും വാക്‌സിൻ ഇറക്കുമതി ചെയ്യേണ്ട സാഹചര്യം ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. ഇനിയും ചർച്ച ചെയ്തിരിക്കാൻ സമയമില്ല.

കഴിഞ്ഞകാലങ്ങളിലെ ക്രാന്തദർശികളും മാനവമൂല്യങ്ങൾ നെഞ്ചേറ്റിയവരുമായ ഇന്ത്യൻ ഭരണാധികാരികൾ വസൂരി അടക്കമുള്ള മഹാമാരികൾ രാജ്യത്തെ പിടിച്ചുകുലുക്കിയപ്പോൾ അവയെ പ്രതിരോധിച്ചതെങ്ങനെയെന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് ഈ കാണുന്ന ഇന്ത്യയെന്നത് ഒരു സുപ്രഭാതത്തിൽ പൊട്ടിമുളച്ചുണ്ടായതല്ല; മറിച്ച് വിവേകമതികളായ ഭരണാധികാരികളും ജനതയും ഒരു നൂറ്റാണ്ടോളം ഒന്നിച്ചുനിന്ന് ഉണ്ടാക്കിയെടുത്തതാണ്. അതിൽ ഏതെങ്കിലും നിലക്ക് സംഘ്പരിവാരങ്ങൾക്ക് പങ്കുള്ളതായി തെളിയിക്കാനാവില്ല. മാത്രമല്ല അധികാരത്തിൽ വന്നപ്പോഴൊക്കെയും രാജ്യത്തെ തകർക്കാനും ജനങ്ങളെ ഭിന്നിപ്പിക്കാനും പൊതുമുതൽ വിറ്റഴിക്കാനും കോർപ്പറേറ്റുകൾക്ക് വിടുപണി ചെയ്യാനും മാത്രമാണ് അവർ ശ്രമിച്ചിട്ടുള്ളത്.

### ചികിത്സാസൗകര്യങ്ങളിലെ അപര്യാപ്തത

കഴിഞ്ഞ വർഷം ആദ്യം മുതൽ കോവിഡ് കേസുകൾ രാജ്യത്ത് റിപ്പോർട്ട് ചെയ്തു തുടങ്ങിയതാണ്. സെപ്റ്റംബർ മാസംവരെ വലിയ പ്രതിസന്ധിയിലൂടെയാണ് രാജ്യം കടന്നുപോയത്. ആയിരങ്ങൾക്ക് ജീവൻ നഷ്ടമായി. അതിൽനിന്നും പാഠം ഉൾക്കൊള്ളണമെന്നും രണ്ടാം തരംഗം അതിരൂക്ഷമാകുമെന്നും രാജ്യത്തെ പ്രതിപക്ഷവും ആരോഗ്യവിദഗ്ധരുമെല്ലാം നിരന്തരം കേന്ദ്ര സർക്കാരിനെ ഉണർത്തിക്കൊണ്ടേയിരുന്നതാണ്. അത് ചെവിക്കൊള്ളാൻ അവർ തയ്യാറാക്കാത്തതാണ് ഈ ദുരന്തത്തിന്റെ വ്യാപ്തിക്ക് കാരണം. കൂടുതൽ ആശുപത്രികൾ സ്ഥാപിക്കാനോ വെന്റിലേറ്റർ സൗകര്യങ്ങൾ കൂടുതലായി ലഭ്യമാക്കാനോ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാനോ സർക്കാർ ശ്രമിച്ചില്ല എന്നത് വലി

> **“നിസ്സഹായതയുടെ നിലവിളികൾക്ക് മുമ്പിൽ നിർവികാരരായി നിൽക്കുന്ന സംഘപരിവാർ ഭരണകൂടം വിഭാവനം ചെയ്ത അച്ഛാദിനത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഗുജറാത്തിന്റെ തെരുവീഥികളിൽ മനുഷ്യ ജീവനുകളെ ചുട്ടെരിച്ചപ്പോൾ അതിൽനിന്നുയർന്ന ഇരുണ്ട പുകയും ദുർഗന്ധവും ആസ്വദിച്ച് വിജയഭേരി മുഴക്കിയവരാണ് ഇന്ന് രാജ്യത്തിന്റെ അധിപന്മാർ എന്ന് ഓർക്കുമ്പോൾ ഈ നിലവിളികളും ശ്മശാനങ്ങളിൽനിന്ന് ഉയരുന്ന മനുഷ്യമാംസത്തിന്റെ ഗന്ധവുമൊന്നും അധികാര കേന്ദ്രങ്ങളെ അസ്വസ്ഥമാക്കുമെന്ന് കരുതുകവയ്യ. മനഃസാക്ഷിയുള്ളവർ തങ്ങളാൽ കഴിയുന്നവിധം ഈ പ്രതിസന്ധിയെ മറികടക്കാൻ അശ്രാന്ത പരിശ്രമം നടത്തേണ്ടിയിരിക്കുന്നു. ജാതി, മത, വർഗ, വർണ, ഭാഷ, വേഷ ഭേദമന്യെ ജീവൻ നിലനിർത്താൻ കേഴുന്നവർക്ക് വേണ്ടി നമുക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കണം.”**

യ അപരാധംതന്നെയാണ്. ശ്വാസകോശത്തെ ബാധിച്ച് വൈകാതെ മരണത്തിലേക്ക് നയിക്കുന്ന രോഗമാണിതെന്ന് അറിയാത്തതുകൊണ്ടോ വിദേശരാജ്യങ്ങളിൽ പ്രാണവായു കിട്ടാതെ മരിച്ച ആയിരങ്ങളുടെ വാർത്തകൾ കേൾക്കാത്തതുകൊണ്ടോ അല്ല, മറിച്ച് എല്ലാം അവഗണിച്ച് മുന്നോട്ട് പോയതാണ് ഈ ഗതിക്ക് കാരണം.

കോവിഡ് പ്രതിസന്ധിയിൽ ഏറ്റവും പ്രധാനം ശ്വാസകോശ സംബന്ധമായ രോഗങ്ങളാണ്. ലോകം അത് ആദ്യം മുതൽ മുന്നറിയിപ്പ് നൽകിയതാണ്. ആവശ്യത്തിന് ഓക്സിജൻ ലഭ്യമാക്കുക, ആശുപത്രികളിൽ വെന്റിലേറ്റർ അടക്കമുള്ള ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുക തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾ അവഗണിക്കപ്പെട്ടു. ഓക്സിജൻ തടയുന്നവരെ തൂക്കിക്കൊല്ലണം എന്ന് ഡൽഹി ഹൈക്കോടതി പറയുന്ന സാഹചര്യങ്ങളിലേക്കുവരെകാര്യങ്ങൾ എത്തി! തന്റെ സഹോദരന് ആശുപത്രിയിൽ ബെഡ് ലഭ്യമാക്കണമെന്ന് കേന്ദ്ര മന്ത്രി ട്വീറ്റ് ചെയ്യുന്ന ഗതികേടിലേക്ക് കാര്യങ്ങൾ പോയി. ഓക്സിജൻ ലഭ്യതക്കുറവും ആശുപത്രികളിലെ സൗകര്യങ്ങളിലെ അപര്യാപ്തതയുമാണ് ഇന്ന് രാജ്യം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനം. രാജ്യത്ത് 162 ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിച്ചു എന്നാണ് ബിജെപി അനുകൂലികൾ പറഞ്ഞുനടക്കുന്നത്. 2020 ഒക്ടോബറിൽ കേന്ദ്രസർക്കാർ രാജ്യത്ത് വിവിധ സംസ്ഥാനങ്ങളിലായി 162 ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചെങ്കിലും ഇതുവരെ 33 പ്ലാന്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് ഗുരുതരമായ വീഴ്ചയാണ്. ബാക്കിയുള്ളവയ്ക്ക് ടെണ്ടർ പോലും വിളിച്ചിട്ടില്ല. ബിജെപി ഭരിക്കുന്ന യുപിയിൽ തുടങ്ങാൻ പ്ലാൻ ചെയ്ത 14 എണ്ണത്തിൽ ഒന്നുപോലും യാഥാർഥ്യമാക്കിയിട്ടില്ല എന്നത്കൂടി ചേർത്ത് വായിക്കുമ്പോൾ ഈ രംഗത്ത് ഭരണകൂടങ്ങളുടെ നിസ്സംഗത എത്ര മാത്രം ഉണ്ടെന്ന് ബോധ്യപ്പെടും.



ദൽഹി അടക്കമുള്ള സംസ്ഥാനങ്ങളിൽ ഓക്സിജനായി നെട്ടോട്ടമോടുകയാണ് ജനങ്ങൾ, ആശുപത്രികളിൽ കിടക്കകൾ ലഭ്യമല്ല. ജനങ്ങൾ ഭീതിയിലാണ്. വീട്ടിലിരിക്കാനാണ് സർക്കാരും ആരോഗ്യപ്രവർത്തകരും ആഹ്വാനം ചെയ്യുന്നത്. രണ്ടാം തരംഗത്തിൽ ശ്വാസംകിട്ടാതെ പിടയുകയാണ് രാജ്യതലസ്ഥാനം. സർക്കാർ പുറത്തുവിട്ട കണക്കുകളനുസരിച്ച് ഓരോ മണിക്കൂറിലും 12 പേർക്കാണ് ദൽഹിയിൽ ജീവൻ നഷ്ടപ്പെടുന്നത്.

ഏപ്രിൽ 19 മുതൽ 24 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ 1,777 പേർക്കാണ് കോവിഡ് ബാധിച്ച് ദൽഹിയിൽ ജീവൻനഷ്ടപ്പെട്ടത്. ഇതിന് തൊട്ടുമുമ്പുള്ള ആഴ്ചയിൽ 677 പേർ മരിച്ചിരുന്നു. കഴിഞ്ഞ വ്യാഴാഴ്ച മുതൽ ഡൽഹിയിലെ മരണനിരക്ക് 300ന് മുകളിലാണ്. 357 പേർ മരിച്ച ശനിയാഴ്ചയാണ് ഏറ്റവും കൂടുതൽ പേർക്ക് ജീവൻ നഷ്ടപ്പെട്ടത്.

സുഊദി അറേബ്യ 80 മെട്രിക് ടൺ ലിക്വിഡ് ഓക്സിജനും നാല് ക്രയോജെനിക്ക് ടാങ്കറുകളും ഇന്ത്യയിലേക്ക് അയച്ചതായി റിയാദിലെ ഇന്ത്യൻ എമ്പസി ട്വീറ്റ് ചെയ്തു. പാക്കിസ്ഥാൻ, റഷ്യ തുടങ്ങി വിവിധ ലോകരാജ്യങ്ങൾ ഇന്ത്യയെ സഹായിക്കാനായി മുന്നോട്ടുവന്നത് ആശാവഹമാണ്. സിംഗപ്പൂരിൽ നിന്നുള്ള ക്രയോഗാനിക് ടാങ്കറുകൾ പശ്ചിമ ബംഗാളിൽ ലാന്റ് ചെയ്തതായി ഇന്ത്യൻ വ്യോമസേനയും അറിയിച്ചു. മൈക്രോസോഫ്റ്റും ഗൂഗിളും അടക്കം രാജ്യത്തിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കുവൈറ്റ്, യു.എ.ഇ, ബഹ്റൈൻ, ഖത്തർ, അമേരിക്ക തുടങ്ങി നിരവധി ലോകരാജ്യങ്ങൾ ഇന്ത്യയെ സഹായിക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്.

അതേസമയം അന്താരാഷ്ട്ര മാധ്യമങ്ങൾ രൂക്ഷമായ വിമർശനങ്ങളാണ് മോഡി ഭരണകൂടത്തിനെതിരെ നടത്തിയിരിക്കുന്നത്. ധാർഷ്ട്യം, അമിതമായ ദേശീയത എന്നിവയൊക്കെ ഇന്ത്യയെ പ്രതിസന്ധിയിലാക്കിയെന്നും 'ദ ആസ്ട്രേലിയൻ' പറയുന്നു. നേരത്തെയും മോദിയെ വിമർശിച്ച് അന്താരാഷ്ട്ര

മാധ്യമങ്ങൾ വാർത്ത നൽകിയിരുന്നു. 'ദ ഗാർഡിയൻ,' 'ഖലീജ് ടൈംസ്,' 'ടൈം' തുടങ്ങിയ മാധ്യമങ്ങളൊക്കെ ഇന്ത്യ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പരാമർശം നടത്തിയിട്ടുണ്ട്.

ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പിടിപ്പുകേടാണ് ഇന്ത്യയിലെ സാഹചര്യം ഇത്ര വഷളാവാൻ കാരണമെന്നാണ് ഗാർഡിയനും ടൈമും പറഞ്ഞുവെക്കുന്നത്.

പതിവുപോലെ വിമർശനങ്ങൾക്കെതിരെ വാളെടുക്കുന്ന നിലപാടാണ് കേന്ദ്രം ഇപ്പോഴും തുടരുന്നത്. സർക്കാരിനെ വിമർശിക്കുന്ന ട്വീറ്റുകൾ നീക്കംചെയ്യാൻ ട്വിറ്ററിന് കേന്ദ്രം നിർദേശം നൽകിയത് അതിന്റെ ഭാഗമാണ്. ഗുജറാത്തിലും ഉത്തർപ്രദേശിലും അടക്കം കോവിഡ് ബാധിച്ച് മരിച്ചവരെ കൂട്ടത്തോടെ കത്തിക്കുന്ന രംഗങ്ങൾ അന്താരാഷ്ട്ര മാധ്യമങ്ങൾവരെ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യമുണ്ടായപ്പോൾ ശ്മശാനം മറയ്ക്കുവാനാണ് അവർ തുനിഞ്ഞത്. തെറ്റു സമ്മതിക്കാതെയും വിമർശനങ്ങൾക്കെതിരെ അസഹിഷ്ണുത കാണിച്ചും തങ്ങളുടെ ഫാസിസ്റ്റ് മുഖം പ്രകടമാക്കുകയാണ് കേന്ദ്ര ഭരണകൂടം.

ആരോടു പറയാൻ? ആരുണ്ട് നമ്മെ കേൾക്കാൻ? ആർ നമ്മെ സഹായിക്കും? നിസ്സഹായതയുടെ നിലവിളികൾക്ക് മുമ്പിൽ നിർവികാരരായി നിൽക്കുന്ന സംഘപരിവാർ ഭരണകൂടം വിഭാവനം ചെയ്ത അഛാദിനത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഗുജറാത്തിന്റെ തെരുവീഥികളിൽ മനുഷ്യ ജീവനുകളെ ചുട്ടെരിച്ചപ്പോൾ അതിൽനിന്നുയർന്ന ഇരുണ്ട പുകയും ദുർഗന്ധവും ആസ്വദിച്ച് വിജയഭേരി മുഴക്കിയവരാണ് ഇന്ന് രാജ്യത്തിന്റെ അധിപന്മാർ എന്ന് ഓർക്കുമ്പോൾ ഈ നിലവിളികളും ശ്മശാനങ്ങളിൽനിന്ന് ഉയരുന്ന മനുഷ്യമാംസത്തിന്റെ ഗന്ധവുമൊന്നും അധികാര കേന്ദ്രങ്ങളെ അസ്വസ്ഥമാക്കുമെന്ന് കരുതുകവയ്യ. മനഃസാക്ഷിയുള്ളവർ തങ്ങളാൽ കഴിയുന്നവിധം ഈ പ്രതിസന്ധിയെ മറികടക്കാൻ അശ്രാന്ത പരിശ്രമം നടത്തേണ്ടിയിരിക്കുന്നു. ജാതി, മത, വർഗ, വർണ, ഭാഷ, വേഷ ഭേദമന്യെ ജീവൻ നിലനിർത്താൻ കേഴുന്നവർക്ക് വേണ്ടി നമുക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കണം.

### 'നിഷ്കളങ്ക'രോട്...

തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ പലരും നിഷ്കളങ്കമായി ചോദിക്കാറുണ്ട്; അങ്ങ് ഇന്ദ്രപ്രസ്ഥത്തിൽ ആരു ഭരിച്ചാലും ഇങ്ങ് തെക്കേഅറ്റത്തുള്ള എനിക്ക് എന്താ...? നമുക്കു വേണ്ടി നമ്മൾ ജോലി ചെയ്ത് ജീവിക്കണം, ആരു വന്നാലും നമുക്ക് ഒരുപോലെയാണ് എന്നൊക്കെ. എന്നാൽ ഇന്ന് എല്ലാവരും മനസ്സിലാക്കുന്നു; ഡൽഹിയിൽ ആരു ഭരിച്ചാലും നമ്മെ അത് ബാധിക്കും എന്ന്. നോട്ട് നിരോധനവും സിഎഎയും എൻആർസിയും പെ

> **കഴിഞ്ഞകാലങ്ങളിലെ ക്രാന്തദർശികളും മാനവമൂല്യങ്ങൾ നെഞ്ചേറ്റിയവരുമായ ഇന്ത്യൻ ഭരണാധികാരികൾ വസൂരി അടക്കമുള്ള മഹാമാരികൾ രാജ്യത്തെ പിടിച്ചുകുലുക്കിയപ്പോൾ അവയെ പ്രതിരോധിച്ചതെങ്ങനെയെന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് ഈ കാണുന്ന ഇന്ത്യയെന്നത് ഒരു സുപ്രഭാതത്തിൽ പൊട്ടിമുളച്ചുണ്ടായതല്ല; മറിച്ച് വിവേകമതികളായ ഭരണാധികാരികളും ജനതയും ഒരു നൂറ്റാണ്ടോളം ഒന്നിച്ചുനിന്ന് ഉണ്ടാക്കിയെടുത്തതാണ്. അതിൽ ഏതെങ്കിലും നിലക്ക് സംഘ്പരിവാരങ്ങൾക്ക് പങ്കുള്ളതായി തെളിയിക്കാനാവില്ല. മാത്രമല്ല അധികാരത്തിൽ വന്നപ്പോഴൊക്കെയും രാജ്യത്തെ തകർക്കാനും ജനങ്ങളെ ഭിന്നിപ്പിക്കാനും പൊതുമുതൽ വിറ്റഴിക്കാനും കോർപ്പറേറ്റുകൾക്ക് വിടുപണി ചെയ്യാനും മാത്രമാണ് അവർ ശ്രമിച്ചിട്ടുള്ളത്.**

ട്രോളിയം ഉൽപന്നങ്ങളുടെ വിലവർധനയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലെ വീഴ്ചയുമെല്ലാം നമ്മെ ഓരോരുത്തരെയും നേരിട്ടുതന്നെ ബാധിച്ചതും അത് ഉണ്ടാക്കിയ വലിയ പ്രയാസങ്ങളും നാം അനുഭവിച്ചുകൊണ്ടിരിക്കുയാണ്. ആര് ഭരിച്ചാലും എനിക്കെന്താ എന്ന് ചോദിക്കാനല്ല, എന്റെ സമാധാനജീവിതത്തിന് വിലങ്ങുതടിയാകുന്നവർ ഭരിക്കരുതെന്ന് ഉറപ്പിക്കാനാണ് നാം തയ്യാറാവേണ്ടത്. വോട്ടവകാശം എന്ന ആയുധം അതിനുള്ളതാണ്.

രാജ്യത്ത് മരിച്ചുവീഴുന്നവരും ദുരിതമനുഭവിക്കുന്നവരുമെല്ലാം പച്ചയായ മനുഷ്യരാണ്. അതിൽ മത, ജാതി, പാർട്ടി വേർതിരിവില്ല. പ്രതിസന്ധികളെയും പ്രയാസങ്ങളെയും ഒറ്റക്കെട്ടായി നേരിടാൻ നമുക്ക് സാധിക്കണം. ഗുണദോഷങ്ങൾ ഒരുമിച്ചനുഭവിക്കാൻ സാധിച്ചാലേ നല്ലനാളെ പുലരുകയുള്ളൂ. എല്ലാ ഇടപെടലുകളും നിലപാടുകളും വിവേകപൂർണമായിരിക്കണം.



ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ്

ഫത്‌വ

# നോമ്പ്: ചില ഫത്‌വകൾ

*1. സ്ത്രീപുരുഷന്മാർ പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുന്നതിന്റെ വിധിയെന്താണ്? ഇതിന് നോമ്പ് ഒരു ഉപാധി ആണോ? ഇഅ്തികാഫ് ഇരിക്കുന്നവൻ വ്യാപൃതനാവേണ്ടത് എന്തെല്ലാം കാര്യങ്ങളിലാണ്? ഭജന സ്ഥലത്ത് പ്രവേശിക്കേണ്ടതും അവിടെനിന്ന് പുറത്ത് പോകേണ്ടതും എപ്പോൾ?*

ഇഅ്തികാഫ് സ്ത്രീപുരുഷന്മാർക്ക് ഒരുപോലെ സുന്നത്താണ്. നബിﷺ റമദാനിൽ ഇഅ്തികാഫ് ഇരുന്നതായും തന്റെ അവസാന നാളുകളിൽ റമദാനിലെ ഒടുവിലത്തെ പത്തിൽ ഇത് പതിവാക്കിയതായും ഹദീഥുകളിൽ സ്ഥിരപ്പെട്ടതാണ്. നബിﷺയുടെ കൂടെ തന്റെ ഭാര്യമാരിൽ ചിലർ ഇഅ്തികാഫിരുന്നതായും അദ്ദേഹത്തിന്റെ മരണശേഷം അവർ ഇത് തുടർന്നതായും കാണാം.

നമസ്കാരം ജമാഅത്തായി നിർവ്വഹിക്കപ്പെടുന്ന പള്ളികളാണ് ഇഅ്തികാഫിന് തിരഞ്ഞെടുക്കേണ്ടത്. ഇഅ്തികാഫിനിടയിൽ വെള്ളിയാഴ്ച വരുമെങ്കിൽ ജുമുഅ നടക്കുന്ന പള്ളികളാണുത്തമം. ഇഅ്തികാഫിന് നിശ്ചിത സമയമില്ലെന്നതാണ് പ്രബലമായ അഭിപ്രായം. നോമ്പ് അഭികാമ്യമാണെങ്കിലും അനിവാര്യമല്ല. ഇഅ്തികാഫിന് ഉദ്ദേശിക്കുമ്പോൾ ഭജനസ്ഥലത്ത് പ്രവേശിക്കുകയും ഉദ്ദിഷ്ട സമയം കഴിഞ്ഞാൽ പുറത്ത് വരികയുമാണ് നബിചര്യ. ഇഅ്തികാഫ് സുന്നത്തായതിനാൽ (നേർച്ചയാക്കിയതല്ലെങ്കിൽ) ഇടക്കുവെച്ച് നിർത്താവുന്നതുമാണ്. റമദാനിലെ ഒടുവിലത്തെ പത്തിൽ നബിചര്യ പിന്തുടർന്നുകൊണ്ട് ഭജനമിരിക്കുന്നവൻ ഇരുപത്തിഒന്നിന് ഫജ്ർ നമസ്കാരശേഷം ഭജനസ്ഥലത്ത് പ്രവേശിക്കുകയും മാസം അവസാനിക്കുമ്പോൾ പുറത്ത് വരികയുമാണ് വേണ്ടത്. സൗകര്യമുണ്ടെങ്കിൽ വിശ്രമത്തിന്നായി പ്രത്യേകം സ്ഥലം ഒരുക്കുന്നതാണുത്തമം. ദിക്ർ, ക്വുർആൻ പാരായണം, പാപമോചനത്തിനായുള്ള പ്രാർഥന, മറ്റു പ്രാർഥനകൾ, സുന്നത്ത് നമസ്കാരങ്ങൾ എന്നിവക്കായിരിക്കണം സമയം വിനിയോഗിക്കേണ്ടത്. ഇഅ്തികാഫിരിക്കുന്നവനെ അയാളുടെ സ്നേഹിതന്മാർ സന്ദർശിക്കുന്നതിനോ, അവരുമായി സംസാരിക്കുന്നതിനോ വിരോധമില്ല.

നബിﷺയുടെ ചില ഭാര്യമാർ ഭജനസമയത്ത് അദ്ദേഹത്തെ വന്ന് കാണുകയും സംഭാഷണം നടത്തുകയും ചെയ്തിരുന്നു. ഒരിക്കൽ തന്റെയടുത്ത് വന്ന് സ്വഫിയ്യ തിരിച്ച് പോകുമ്പോൾ യാത്രയയക്കാൻ നബിﷺ പള്ളിയുടെ പ്രവേശനകവാടം വരെ അനുഗമിക്കുകയുണ്ടായി. (ഈ സംഭവം നബിﷺയുടെ അങ്ങേയറ്റത്തെ വിനയത്തേയും ഭാര്യമാരുമായുള്ള ഉൽകൃഷ്ട ബന്ധത്തെയും വ്യക്തമാക്കുകകൂടി ചെയ്യുന്നു).

*2. വൃക്കരോഗിയായ നോമ്പുകാരന് രക്തം മാറ്റിക്കൊടുക്കുന്നതിന്റെ വിധിയെന്താണ്? നോമ്പ് വീട്ടേണ്ടതുണ്ടോ?*

നോമ്പുകാരന്റെ ശരീരത്തിൽ പുതിയ രക്തം കയറ്റുന്നത് മൂലം അവന്റെ നോമ്പ് മുറിയുന്നതാണ്. രക്തത്തോടൊപ്പം മറ്റു പദാർഥങ്ങൾ കൂടിയാകുമ്പോൾ പ്രത്യേകിച്ചും. അതിനാൽ നഷ്ടപ്പെട്ട നോമ്പ് അവൻ പിന്നീട് നോറ്റുവീട്ടേണ്ടതാണ്.

*3. ആസ്തമ പോലുള്ള രോഗങ്ങൾക്ക് നോമ്പുകാരൻ പകൽസമയത്ത് വായിൽ സ്പ്രേ ഉപയോഗിക്കുന്നതിന്റെ വിധി എന്താണ്?*

അത്യാവശ്യമാണെങ്കിൽ അത് അനുവദനീയമാണ്. അല്ലാഹു പറയുന്നു: "നിങ്ങളുടെമേൽ നിഷിദ്ധമാക്കപ്പെട്ടത് അവൻ നിങ്ങൾക്ക് വിശദമാക്കി തന്നിട്ടുണ്ടല്ലോ. നിങ്ങൾ (തിന്നുവാൻ) നിർബന്ധിതരായി തീരുന്നതൊഴികെ" (അൽഅൻആം 119).

സ്പ്രേ ഉപയോഗിക്കുന്നത് ആഹാര പാനീയങ്ങളുപയോഗിക്കുന്നത് പോലെയല്ല. പരിശോധനക്കായി രക്തം പുറത്തെടുക്കുന്നതിനോടും ദ്രാവകരൂപത്തിൽ ഭക്ഷണപദാർഥങ്ങൾ നൽകാനല്ലാത്ത കുത്തിവെപ്പിനോടുമാണിതിന് സാമ്യം.

*4. നോമ്പുകാരൻ ദന്തവൈദ്യനെ സമീപിച്ചു പല്ല് ക്ലീൻ ചെയ്യുകയോ അടക്കുകയോ പല്ലെടുക്കുകയോ ചെയ്താൽ അത് നോമ്പിനെ പ്രതികൂലമായി ബാധിക്കുമോ? പല്ല് തരിപ്പിക്കാൻ കുത്തിവെച്ചാൽ നോമ്പ് മുറിയുമോ?*

ചോദ്യത്തിൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾ നോമ്പിനെ അസാധുവാക്കുകയില്ല. അവയിൽ ഇളവ് അനുവദിക്കപ്പെട്ടിട്ടുണ്ട്. മരുന്നോ രക്തമോ വിഴുങ്ങുന്നത് സൂക്ഷിക്കണമെന്ന് മാത്രം. തരിപ്പിക്കാൻ കുത്തിവെക്കുന്നതും നോമ്പിനു ദോഷം വരുത്തുകയില്ല. ഇവയൊന്നും ആഹാര പാനീയങ്ങളായി കണക്കാക്കപ്പെടുന്നവയല്ലല്ലോ.

*5. നോമ്പുകാരന് നാഡികളിലും പേശികളിലും കുത്തിവെപ്പ് നടത്താമോ?*

കുത്തിവെക്കുന്നതുകൊണ്ട് നോമ്പ് മുറിയുകയില്ല. എന്നാൽ ആഹാരപദാർഥങ്ങൾ കുത്തിവെക്കുന്നതുകൊണ്ട് നോമ്പ് നിഷ്ഫലമാകും.

നോമ്പുകാരന്റെ ശരീരത്തിൽ നിന്നു പരിശോധനക്കുവേണ്ടി രക്തം എടുക്കുന്നതിനു വിരോധമില്ല. എന്നാൽ കൊമ്പുവെക്കുന്നതുകൊണ്ട് അതിലേർപ്പെട്ട രണ്ടു പേർക്കും നോമ്പ് നഷ്ടപ്പെടുമെന്നാണ് പ്രബലമായ അഭിപ്രായം. നബിﷺ പറഞ്ഞു: 'കൊമ്പുവെക്കുന്നവനും വെപ്പിക്കുന്നവനും നോമ്പ് നഷ്ടപ്പെടുത്തി'.

*6. നോമ്പുകാരൻ ടൂത്ത് പെയ്സ്റ്റ് ഉപയോഗിച്ചു ദന്തശുദ്ധി വരുത്തുന്നതിനും കണ്ണിലും കാതിലും മൂക്കിലും മറ്റും മരുന്ന് ഇറ്റിക്കുന്നതിനും വിരോധമുണ്ടോ? ഇറ്റിച്ച മരുന്നിന്റെ രുചി തൊണ്ടയിൽ അനുഭവപ്പെട്ടാൽ അതിന്റെ വിധിയെന്ത്?*

ദന്തശുദ്ധി വരുത്താൻ വെറും ബ്രഷുപയോഗിച്ചാലും ടൂത്ത് പെയ്സ്റ്റുപയോഗിച്ചാലും നോമ്പ് മുറിയില്ല. പെയ്സ്റ്റ് അകത്തേക്ക് ഇറങ്ങിപ്പോകാതെ സൂക്ഷിക്കണമെന്നു മാത്രം. എന്നാൽ അറിയാതെ അൽപം ഇറങ്ങിപ്പോയാൽ നോമ്പ് പിന്നീട് നോറ്റുവീട്ടേണ്ടതില്ല. ഇതുപോലെതന്നെ കണ്ണിലും കാതിലും മരുന്ന് ഇറ്റിക്കുന്നതുകൊണ്ടും നോമ്പ് മുറിയില്ല. ഇതാണ് പ്രബലമായ അഭിപ്രായം. പക്ഷെ, തൊണ്ടയിൽ രുചി അനുഭവപ്പെട്ടാൽ നോമ്പ് മറ്റൊരിക്കൽ നോറ്റുവീട്ടുന്നതാണ് സൂക്ഷ്മത. കണ്ണും കാതും ആഹാരപനീയങ്ങളുടെ പ്രവേശനമാർഗങ്ങളല്ലല്ലോ. എന്നാൽ വായിലേക്കുള്ള പ്രവേശനദ്വാരം കൂടിയാണെന്നതിനാൽ മൂക്കിൽ ഇറ്റിക്കുന്നതു അനുവദനീയമല്ല. അംഗശുദ്ധി വരുത്തുന്നതിനെപ്പറ്റി നബിﷺ പറഞ്ഞു: "നോമ്പുകാരനല്ലെങ്കിൽ മൂക്കിൽ പൂർണമായി വെള്ളം കേറ്റി കഴുകുക." ഈ ഹദീഥിന്റെ അടിസ്ഥാനത്തിൽ മൂക്കിൽ മരുന്ന് ഇറ്റിക്കുകയും തൊണ്ടയിൽ അതിന്റെ രുചി അനുഭവപ്പെടുകയും ചെയ്താൽ നോമ്പ് നിഷ്ഫലമാകും. പിന്നീട് ഈ നോമ്പ് നോറ്റുവീട്ടണം.

*7. റമദാനിലെ നോമ്പ് നിർബന്ധമാണെന്ന് അംഗീകരിക്കുന്നതോടൊപ്പം അത് ഉപേക്ഷിക്കുന്നവന്റെ വിധി എന്താണ്? ഒന്നിലധികം തവണ അശ്രദ്ധമായി നോമ്പ് ഉപേക്ഷിച്ച ആൾ ഇസ്‌ലാമിൽനിന്ന് പുറത്ത് പോകുമോ?*

തക്കതായ കാരണം കൂടാതെ മനഃപൂർവം നോമ്പ് ഉപേക്ഷിക്കുന്നവൻ മഹാപാപിയാണെങ്കിലും അവിശ്വാസി ആയിത്തീരുന്നില്ലെന്നാണ് പ്രബലമായ പണ്ഡിതമതം. അതിനാൽ അവൻ പശ്ചാത്തപിക്കുകയും ഉപേക്ഷിച്ച നോമ്പ് പിന്നീട് നോറ്റുവീട്ടുകയും വേണം. എന്നാൽ അടുത്ത റമദാൻവരെ ന്യായമായ കാരണങ്ങളില്ലാതെ നഷ്ടപ്പെട്ട നോമ്പ് നോറ്റുവീട്ടാതിരുന്നാൽ മുമ്പ് വ്യക്തമാക്കിയപോലെ ഓരോ നോമ്പിനും ഒരു അഗതിക്ക് ആഹാരം നൽകണം. ഹജ്ജും സകാത്തും നിർബന്ധമാണെന്ന് അംഗീകരിച്ചുകൊണ്ട് തന്നെ അവ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തുന്നവൻ അവിശ്വാസിയായി കണക്കാക്കപ്പെടുകയില്ല. എന്നാൽ അവൻ പശ്ചാത്തപിക്കണം. വീഴ്ച വരുത്തിയ കാലത്തെ സകാത്ത് കൊടുത്ത് വീട്ടുകയും ഹജ്ജ് നിർവഹിക്കുകയും വേണം. അല്ലാഹു സകാത്ത് കൊടുക്കാത്തവരെ അവന്റെ ധനംകൊണ്ട് തന്നെ ശിക്ഷിക്കുമെന്നും ശേഷം നരകമോ സ്വർഗമോ നൽകുമെന്നും വ്യക്തമാക്കുന്ന ഹദീഥുകൾ ഇതിന് തെളിവായി ചൂണ്ടിക്കാണിക്കപ്പെടുന്നു.



സുരക്ഷിത സമൂഹത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ 2

നിർഭയജീവിതം, സുരക്ഷിത സമൂഹം

# നിർഭയജീവിതത്തിലേക്കുള്ള വഴികൾ

ലേഖനം

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

## ഇഹലോക നന്മകളെ അവഗണിക്കേണ്ടതില്ല

അല്ലാഹുവിന്റെ ഇഷ്ടം നേടുവാൻ ഇഹലോകസുഖങ്ങളെല്ലാം വെടിഞ്ഞ് ജീവിക്കണമെന്ന് ഇസ്‌ലാം പറയുന്നില്ല. പരലോകം മറന്നുകൊണ്ട് ഇഹലോക കാര്യങ്ങളിൽ മാത്രം ശ്രദ്ധയൂന്നി ജീവിക്കുവാനും പാടില്ല. അല്ലാഹു പറയുന്നു:

“മറ്റു ചിലർ പറയും; ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ എന്ന്. അവർ സമ്പാദിച്ചതിന്റെ ഫലമായി അവർക്ക് വലിയൊരു വിഹിതമുണ്ട്. അല്ലാഹു അതിവേഗത്തിൽ കണക്ക് നോക്കുന്നവനാകുന്നു” (ക്വുർആൻ 2:201,202).

"മനുഷ്യരിൽ ചിലർ പറയും; ഞങ്ങളുടെ രക്ഷിതാവേ, ഇഹലോകത്ത് ഞങ്ങൾക്ക് നീ (അനുഗ്രഹം) നൽകേണമേ എന്ന്. എന്നാൽ പരലോകത്ത് അത്തരക്കാർക്ക് ഒരു ഓഹരിയും ഉണ്ടായിരിക്കുന്നതല്ല" (ക്വുർആൻ 2:200).

പരലോക വിഭവമൊരുക്കാൻ ഇഹലോക വിഭവങ്ങളും ആവശ്യമാണ്. ശാരീരികാരോഗ്യം, വസ്ത്രം, പാർപ്പിടം, ഭക്ഷണം, നിർഭയത്വം എന്നിവ അവയിൽ പ്രധാനമാണ്.

സമ്പാദ്യത്തിന് ഇസ്‌ലാം പരിധിവെച്ചിട്ടില്ല. എന്നാൽ ജീവിതത്തിലെ ഏകലക്ഷ്യം സമ്പത്തുണ്ടാക്കലാണ് എന്ന നിലയിൽ ജീവിക്കുവാനും പാടില്ല. ജീവിതം മുഴുവൻ ധനസമ്പാദനമാർഗത്തിലായാൽ അറിവുനേടാനും നേടിയ അറിവുകൊണ്ട് കർമങ്ങൾ ചെയ്യുവാനും സമയമെവിടെ? പരലോക സൗഭാഗ്യത്തിന് ഇവരണ്ടും അനിവാര്യമാണുതാനും.

## ഉപജീവനം തേടൽ

അല്ലാഹു പറയുന്നു: "പകലിനെ നാം ജീവസന്ധാരണവേളയാക്കുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 78:11).

"നിങ്ങൾക്കു നാം ഭൂമിയിൽ സ്വാധീനം നൽകുകയും നിങ്ങൾക്കവിടെ നാം ജീവിതമാർഗങ്ങൾ ഏർപെടുത്തുകയും ചെയ്തിരിക്കുന്നു. കുറച്ച് മാത്രമെ നിങ്ങൾ നന്ദികാണിക്കുന്നുള്ളൂ" (ക്വുർആൻ 7:10).

തന്റെ വീടിനെക്കാൾ നല്ല വീടുള്ളവരിലേക്കും, തന്റെ ജോലിയെക്കാളും പദവിയെക്കാളും ഉയർന്ന ജോലിയുള്ളവരിലേക്കും പദവിയുള്ളവരിലേക്കും തന്നെക്കാൾ സാമ്പത്തികാഭിവൃദ്ധിയുള്ളവരിലേ ക്കുമൊക്കെ നോക്കിയാൽ; അങ്ങനെ അവരെയും തന്നെയും താരതമ്യം ചെയ്താൽ, അത് താൻ അനുഭവിക്കുന്ന അനുഗ്രഹങ്ങളെ ചെറുതായിക്കാണുന്നതിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല. അത്തരക്കാർക്ക് ജീവിതം എന്നും അശാന്തമായിരിക്കും. നിർഭയത്വം അവർക്ക് അന്യമായിരിക്കും.

എന്നാൽ, തന്നെക്കാൾ മോശപ്പെട്ട ജീവിതാവസ്ഥകളിലുള്ളവരിലേക്ക് നോക്കിയാൽ; അവരെയും തന്നെയും താരതമ്യം ചെയ്താൽ, താൻ എത്രയോ അനുഗൃഹീതനാണെന്ന ബോധമുണ്ടാവുകയും അതിനെ വലുതായി കാണുവാനും അതിന് നന്ദികാണിക്കുവാനും ഒരു സത്യവിശ്വാസിക്കു കഴിയും. ഉള്ളതിൽ തൃപ്തിപ്പെട്ടുകൊണ്ടുള്ള അവന്റെ ജീവിതം ശാന്തിയും സമാധാനവും നിറഞ്ഞതായിരിക്കും.

ഭൗതിക വിഭവങ്ങളോട് മനുഷ്യൻ പൊതുവെ അത്യാസക്തനാണ്. എത്ര കിട്ടിയാലും അവന് മതിയാകില്ല. നബിﷺ പറഞ്ഞു:

"മനുഷ്യന് സ്വർണത്തിന്റെ ഒരു താഴ്‌വരയുണ്ടാവുകയാണെങ്കിൽ തനിക്ക് രണ്ട് താഴ്‌വരയുണ്ടാവണമെന്ന് അവൻ ആഗ്രഹിക്കും. മണ്ണല്ലാതെ മറ്റൊന്നും അവന്റെ വായ നിറക്കില്ല" (ബുഖാരി, മുസ്‌ലിം).

"നിശ്ചയമായും അവൻ ധനത്തോട് കഠിനമായ സ്നേഹമുള്ളവൻ തന്നെയാണ്" (ക്വുർആൻ 100:8).

മനുഷ്യന്റെ ഈ അത്യാർത്തി മരണത്തോടെ മാത്രമെ അവസാനിക്കുകയുള്ളൂ. സാമ്പത്തികഭ്രമത്തിലും ആഡംബരപ്രിയത്തിലും സുഖലോലുപതയിലും കഴിയുന്നവരിലേക്ക് നോക്കി നെടുവീർപ്പിടുന്നവനും തനിക്ക് അങ്ങനെയാകാൻ കഴിഞ്ഞില്ലല്ലോ എന്ന് ചിന്തിച്ച് നിരാശപ്പെടുന്നവനുമല്ല യഥാർഥ മുസ്‌ലിം. അവൻ ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവനായിരിക്കും; അങ്ങനെയായിരിക്കണം. പണവും പദവിയുമൊന്നുമല്ല ഐശ്വര്യത്തിനും നിർഭയജീവിതത്തിനും നിദാനമെന്ന് അവൻ മനസ്സിലാക്കും.

നബിﷺ പറഞ്ഞു: "ഐശ്വര്യം ഐഹിക വിഭവങ്ങളുടെ ആധിക്യംകൊണ്ടല്ല; നേരെ മറിച്ച്, ഐശ്വര്യമെന്നാൽ മനസ്സിന്റെ ഐശ്വര്യമത്രെ" (ബുഖാരി, മുസ്‌ലിം).

ഭക്ഷണവും വസ്ത്രവും പാർപ്പിടവും മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണ്. ഇവയിൽ ഏതെങ്കിലും ഒന്ന് ഇല്ലാതായാൽ മതി ജീവിതത്തിലെ നിർ

> **ഭക്ഷണവും വസ്ത്രവും പാർപ്പിടവും മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണ്. ഇവയിൽ ഏതെങ്കിലും ഒന്ന് ഇല്ലാതായാൽ മതി ജീവിതത്തിലെ നിർഭയത്വം നഷ്ടപ്പെടാനും ജീവിതം അശാന്തമായിത്തീരാനും. എന്നാൽ ഇപ്പറഞ്ഞവയൊന്നും താനെ വന്നുചേരുന്നതല്ല. പാരമ്പര്യമായി ലഭിച്ച കണക്കില്ലാത്ത സ്വത്തിന്റെ ഉടമകൾ പോലും അത് നിലനിർത്താനും പരിപോഷിപ്പിക്കാനും ശ്രമിച്ചില്ലെങ്കിൽ കാലക്രമേണ പാപ്പരായിപ്പോകും. അതുകൊണ്ട് തന്നെ അലസത മാറ്റിവെക്കാനും അധ്വാനിച്ച് ജീവിക്കുവാനും ഇസ്‌ലാം കൽപിക്കുന്നുണ്ട്.**

ഭയത്വം നഷ്ടപ്പെടാനും ജീവിതം അശാന്തമായിത്തീരാനും. എന്നാൽ ഇപ്പറഞ്ഞവയൊന്നും താനെ വന്നുചേരുന്നതല്ല. പാരമ്പര്യമായി ലഭിച്ച കണക്കില്ലാത്ത സ്വത്തിന്റെ ഉടമകൾ പോലും അത് നിലനിർത്താനും പരിപോഷിപ്പിക്കാനും ശ്രമിച്ചില്ലെങ്കിൽ കാലക്രമേണ പാപ്പരായിപ്പോകും. അതുകൊണ്ട് തന്നെ അലസത മാറ്റിവെക്കാനും അധ്വാനിച്ച് ജീവിക്കുവാനും ഇസ്‌ലാം കൽപിക്കുന്നുണ്ട്.

"അങ്ങനെ നമസ്കാരം നിർവഹിക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചുകൊള്ളുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് തേടിക്കൊള്ളുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (ക്വുർആൻ 62:10).

### ഏകസമുദായം

സമൂഹത്തിൽ എല്ലാവരും ഒരേ സാമ്പത്തികാവസ്ഥയുള്ളവരായിരിക്കില്ല. എല്ലാവരുടെയും അവസ്ഥകൾ വിഭിന്നമാണ്. ഏറ്റക്കുറവുകൾ സ്വാഭാവികം.

അല്ലാഹു പറയുന്നു: "തീർച്ചയായും നിങ്ങളുടെ പരിശ്രമം വിഭിന്ന രൂപത്തിലുള്ളതാകുന്നു" (ക്വുർആൻ 92:4).

എന്നാൽ സമൂഹം ഒറ്റ ശരീരം പോലെയാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും ഇതാണ് നിങ്ങളുടെ സമുദായം. ഏകസമുദായം. ഞാനാണ് നിങ്ങളുടെ രക്ഷിതാവ്. അതിനാൽ നിങ്ങൾ എന്നെ സൂക്ഷിച്ചു ജീവിക്കുവിൻ" (ക്വുർആൻ 23:52).

പരസ്പരം സ്നേഹത്തിലും കാരുണ്യത്തിലും കഴിയണമെന്നും സഹായം അർഹിക്കുന്നവരെ കണ്ടറിഞ്ഞ് സഹായിക്കണമെന്നും പ്രയാസഘട്ടങ്ങളിൽ കൂടെ നിൽക്കണമെന്നും ആരെയും അക്രമിക്കരുതെന്നും ആരോടും അനീതി കാണിക്കരുതെന്നും ഇസ്‌ലാം അനുശാസിക്കുന്നു. അങ്ങനെയുള്ള ഒരു സമൂഹത്തിൽ ജീവിക്കുന്നവർക്ക് ജീവിതത്തിൽ നിർഭയത്വവും സുരക്ഷിതത്വവും ഉണ്ടാകുമെന്നതിൽ സംശയമില്ല. നബിﷺ പറഞ്ഞു:

"പരസ്പര കാരുണ്യത്തിലും സ്നേഹത്തിലും വിശ്വാസികൾ ഒരു ശരീരം പോലെയാണ്. ശരീരത്തിലെ ഏതെങ്കിലും ഭാഗത്തിന് അസുഖമുണ്ടായാൽ ശരീരം മുഴുവനും ഉറക്കമിളച്ചും പനിച്ചും അതിനോട് അനുഭാവം കാണിക്കും" (ബുഖാരി, മുസ്‌ലിം).

### ദാനധർമങ്ങൾ

ഭൂമിയിലുള്ളതെല്ലാം മനുഷ്യർക്കുവേണ്ടിയുള്ളതാണ്:"ഭൂമിയെ അവൻ മനുഷ്യർക്കായി വെച്ചിരിക്കുന്നു" (ക്വുർആൻ 55:10).

"അവനാണ് നിങ്ങൾക്കുവേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചു തന്നത്" (ക്വുർആൻ 2:29).

സമ്പത്തും അല്ലാഹുവാണ് സൃഷ്ടിക്കുന്നത്. അവൻ ഉദ്ദേശിക്കുന്നവർക്ക് ഉദ്ദേശിക്കുന്നത്ര അവൻ നൽകുന്നു. അതിന്റെ താൽക്കാലിക അവകാശികളായി അവർ മാറുന്നു. അല്ലാഹു നൽകുന്ന സമ്പത്ത് അവൻ പറയുന്നതുപോല കൈകാര്യം ചെയ്യൽ മനുഷ്യന്റെ ബാധ്യതയാണ്.

"നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അവൻ നിങ്ങളെ ഏതൊരു സ്വത്തിൽ പിന്തുടർച്ച നൽകപ്പെട്ടവരാക്കിയിരിക്കുന്നോ അതിൽനിന്നു ചെലവഴിക്കുകയും ചെയ്യുക. അങ്ങനെ നിങ്ങളുടെ കൂട്ടത്തിൽനിന്ന് വിശ്വസിക്കുകയും ചെലവഴിക്കുകയും ചെയ്തവരാരോ അവർക്ക് വലിയ പ്രതിഫലമുണ്ടായിരിക്കുന്നതാണ്" (ക്വുർആൻ 57:7).

"തങ്ങളുടെ സ്വത്തുക്കളിൽ നിർണിതമായ അവകാശം നൽകുന്നവരും; ചോദിച്ചുവരുന്നവന്നും ഉപജീവനം തടയപ്പെട്ടവന്നും" (ക്വുർആൻ 70:24,25).

"...അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള സമ്പത്തിൽനിന്ന് അവർക്ക് നിങ്ങൾ നൽകി സഹായിക്കുകയും ചെയ്യുക..." (ക്വുർആൻ 24:33).

മക്കളും സമ്പത്തും അല്ലാഹുവിന്റെ പരീക്ഷണങ്ങളാണ്, അതോടൊപ്പം സഹായവുമാണ്. അവ രണ്ടും ഭാവിയിൽ ഉപകാരപ്പെടുമെന്ന് ആർക്കും ഉറപ്പുപറയാൻ കഴിയില്ല.

"അവർ വിചാരിക്കുന്നുണ്ടോ; സ്വത്തും സന്താനങ്ങളും നൽകി നാം അവരെ സഹായിച്ചുകൊണ്ടിരിക്കുന്നത് നാം അവർക്ക് നന്മകൾ നൽകാൻ ധൃതി കാണിക്കുന്നതാണെന്ന്? അവർ (യാഥാർഥ്യം) ഗ്രഹിക്കുന്നില്ല" (ക്വുർആൻ 23:55,56).

"...സ്വത്തുക്കളും സന്താനങ്ങളുംകൊണ്ട് നിങ്ങളെ നാം പോഷിപ്പിക്കുകയും നിങ്ങളെ നാം കൂടുതൽ സംഘബലമുള്ളവരാക്കിത്തീർക്കുകയും ചെയ്തു" (ക്വുർആൻ 17:6).

"സ്വത്തുക്കളും സന്താനങ്ങളുംകൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും, നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികൾ ഉണ്ടാക്കിത്തരികയും ചെയ്യും" (71:12).

## സമ്പത്തിന്റെ വർധനവ് നിർഭയത്വം നൽകില്ല

സമ്പത്ത് എത്ര കുറവാണെങ്കിലും കൂടുതലാണെങ്കിലും മനുഷ്യൻ അതിന്റെ താക്കാലിക കൈകാര്യകർത്താവാണ്. ഇഹലോകത്ത് നിർഭയത്വത്തോടെ ജീവിക്കുവാൻ അളവറ്റ ധനത്തിന്റെ ആവശ്യമില്ല. അന്നന്നത്തെ അന്നത്തിനു വകയുണ്ടെങ്കിൽ ഒരാൾ ഐശ്വര്യവാനാണ്. സമ്പത്ത് വർധിക്കുന്തോറും സുരക്ഷിതത്വവും നിർഭയത്വവും നഷ്ടപ്പെടുന്നു എന്നതാണ് വസ്തുത. കുമിഞ്ഞുകൂടിയ സമ്പത്തുണ്ടെങ്കിലും മരണത്തോടെ അതെല്ലാം അനന്തരാവകാശികളുടെതായി മാറുന്നു. പിന്നെ എന്താണ് ഒരാൾക്ക് സ്വന്തമായി ഉള്ളതെന്ന് അവകാശപ്പെടാനുള്ളത്?

നബിﷺ പറഞ്ഞു: "അടിമ പറയുന്നു എന്റെ ധനം, എന്റെ ധനം എന്ന്. അവന്റെ ധനത്തിൽനിന്ന് അവനുള്ളത് മൂന്ന് മാത്രം: തിന്നുകഴിഞ്ഞത്, ഉടുത്തു നുരുമ്പിയത്, കൊടുത്തു തീർത്തത്" (മുസ്‌ലിം).

മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരമാണുള്ളത്: "മനുഷ്യൻ പറയുന്നു എന്റെ ധനം, എന്റെ ധനം എന്ന്. നിന്റെ ധനത്തിൽ നിന്ന് നീ ദാനംചെയ്തുകഴിഞ്ഞതോ, നീ ധരിച്ചു നുരുമ്പിയതോ, നീ തിന്നുതീർത്തതോ അല്ലാതെ വല്ലതുമുണ്ടോ?" (മുസ്‌ലിം, തുർമുദി, അഹ്മദ്).

അന്നന്ന് കഴിഞ്ഞുകൂടാനുള്ള ധനമാണ് സ്വന്തമെന്നു പറയാവുന്നതെന്നും അതിലധികമുള്ളത് അനന്തരാവകാശികളുടെതാണെന്നുമാണ് നബിﷺ പഠിപ്പിച്ചിട്ടുള്ളത്. നബിﷺ അനുചരന്മാരോട് ചോദിച്ചു: "നിങ്ങളിൽ ആരാണ് സ്വന്തം സ്വത്തിനെക്കാൾ അനന്തരാവകാശിയുടെ സ്വത്ത് ഇഷ്ടപ്പെടുന്നവർ?" അവർ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, സ്വന്തം സ്വത്തിനെക്കാൾ അനന്തരാവകാശിയുടെ സ്വത്ത് ഇഷ്ടപ്പെടുന്നവരായി ഞങ്ങളിൽ ആരുംതന്നെയില്ല." അപ്പോൾ നബിﷺ പറഞ്ഞു: "നിങ്ങൾ അറിയുക; സ്വന്തം സ്വത്തിനെക്കാൾ അനന്തരാവകാശിയുടെ സ്വത്ത് ഇഷ്ടപ്പെടാത്തവരായി നിങ്ങളിൽ ഒരാളുമില്ല. നീ മുന്തിച്ചുവെച്ചതാണ് നിന്റെ ധനം. നീ പിന്തിച്ചുവെച്ചതാണ് നിന്റെ അനന്തരാവകാശിയുടെ ധനം" (നസാഈ).

ഉപജീവന വിഷയത്തിൽ സമൂഹത്തിന്റെ നിർഭയത്വം ഇസ്‌ലാം പരിഗണിക്കുന്നു. ധനം ന്യൂനപക്ഷമായ ധനികരിൽ കുമിഞ്ഞുകൂടുന്നത് തടയുന്നു. അതിന്റെ അപകടം സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയരംഗങ്ങളിൽ പ്രതിഫലിക്കുമെന്നതിൽ സംശയമില്ല.

അല്ലാഹു പറയുന്നു: "...അത് (ധനം) നിങ്ങളിൽനിന്നുള്ള ധനികൻമാർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന ഒന്നാവാതിരിക്കാൻ വേണ്ടിയാണത്..." (ക്വുർആൻ 59:7).

## സ്വയംപര്യാപ്തത നടിക്കരുത്

സമ്പത്തിന്റെ പേരിൽ അഹങ്കരിക്കുകയും ഇതൊക്കെ തന്റെ കഴിവുകൊണ്ടുമാത്രം കൈവശപ്പെടുത്താൻ കഴിഞ്ഞതാണെന്നുമുള്ള ചിന്ത മനുഷ്യനെ വഴിതെറ്റിക്കും. താൻ സ്വയം പര്യാപ്തനാണെന്നും തനിക്ക് ആരുടെയും സഹായം ആവശ്യമില്ലെന്നുമൊകെയുള്ള ചിന്ത വളർത്തും. അത് അവനെ ധിക്കാരിയും താന്തോന്നിയുമാക്കി മാറ്റും.

"നിസ്സംശയം മനുഷ്യൻ ധിക്കാരിയായി തീരുന്നു; തന്നെ സ്വയം പര്യാപ്തനായി കണ്ടതിനാൽ" (96:6,7).

അല്ലാഹു നൽകിയ സമ്പത്ത് തന്റെ അധ്വാനഫലംകൊണ്ട് മാത്രം ആർജിച്ചതാണെന്ന് കരുതുകയും അത് നൽകിയ അല്ലാഹുവിനെ വിസ്മരിക്കുകയും അതിക്രമം കാട്ടുകയും ചെയ്ത വ്യക്തിയായിരുന്നു ക്വാറൂൻ. അത് അല്ലാഹുവിന്റെ ശിക്ഷയിലാണ് കലാശിച്ചത്.

"തീർച്ചയായും ക്വാറൂൻ മൂസായുടെ ജനതയിൽ പെട്ടവനായിരുന്നു. എന്നിട്ട് അവൻ അവരുടെ നേരെ അതിക്രമം കാണിച്ചു. തന്റെ ഖജനാവുകൾ ശക്തൻമാരായ ഒരു സംഘത്തിനുപോലും ഭാരമാകാൻതക്കവണ്ണമുള്ള നിക്ഷേപങ്ങൾ നാം അവന് നൽകിയിരുന്നു. അവനോട് അവന്റെ ജനത ഇപ്രകാരംപറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ:) നീ പുളകംകൊള്ളേണ്ട. പുളകംകൊള്ളുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല. അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽ



നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തത് പോലെ നീയും നന്മ ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല" (ക്വുർആൻ 28:76,77).

ഇതിൽ അഞ്ച് ഉപദേശങ്ങൾ കാണാം:

1. 'നീ പുളകംകൊള്ളേണ്ട. പുളകം കൊള്ളുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല.'

ഭൗതികമായി എന്തെങ്കിലും നേട്ടം ലഭിച്ചാൽ അത് തന്റെ മാത്രം കഴിവുകൊണ്ടും അർഹതകൊണ്ടും നേടിയതാണെന്ന് ധരിക്കുകയും അതിൽ അതിരറ്റ് ആഹ്ലാദിക്കുകയും ചെയ്യുന്നത് ശരിയല്ല. അത്തരക്കാരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.

2. 'അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക.'

സമ്പത്ത്, ആരോഗ്യം തുടങ്ങിയവ അല്ലാഹു അവന്റെ പക്കൽനിന്നുള്ള പരീക്ഷണമായും അനുഗ്രഹമായും നൽകുന്നതാണ്. അത് തിരിച്ചറിയുകയും അവ മുഖേന പരലോക വിഷയം ലഭിക്കുവാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്.

3. 'ഐഹികജീവിതത്തിൽനിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട.'

ഇഹലോകത്ത് അല്ലാഹു അനുവദിച്ച കാര്യങ്ങളെ അവഗണിക്കേണ്ടതില്ല. ഇഹലോക സുഖങ്ങളിൽമാത്രം മുഴുകി ജീവിക്കുവാൻ പാടില്ല എന്നേയുള്ളൂ.

4. 'അല്ലാഹു നിനക്ക് നന്മ ചെയ്തത് പോലെ നീയും നന്മ ചെയ്യുക.'

അല്ലാഹു ചെയ്തു തന്നതും തന്നുകൊണ്ടിരിക്കുന്നതുമായ എണ്ണമറ്റ നന്മകളുണ്ട്. അവയെല്ലാം അനുഭവിച്ചും ആസ്വദിച്ചും ജീവിക്കുമ്പോൾ അല്ലാഹു ചെയ്യാൻ കൽപിച്ചതായ നന്മകൾ ചെയ്യൽ തന്റെ ബാധ്യതയാണെന്ന് ഓർക്കണം.

5. 'നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്.'

സാമ്പത്തിക ശേഷിയോ അധികാരമോ കായികശക്തിയോ ഉണ്ടെന്നു കരുതി അഹന്തനടിക്കുകയും അതിക്രമം കാട്ടുകയും ചെയ്യുവാൻ പാടില്ല.



ക്വാറൂൻ അല്ലാഹു നൽകിയ സമ്പത്താകുന്ന അനുഗ്രഹത്തിന് നന്ദി കാണിച്ചില്ല. അല്ലാഹുവിന്റെ പരീക്ഷണത്തിൽ അവൻ പരാജയപ്പെട്ടു. ധനം ചെലവഴിക്കാതെ കുന്നുകൂട്ടുകയും ധനാഢ്യനായതുകൊണ്ട് താൻ സുരക്ഷിതനാണെന്ന് ധരിക്കുകയും ചെയ്യുന്നവർക്ക് ഒരു പാഠമെന്നോണം അല്ലാഹു ക്വാറൂനെയും അവന്റെ ഭവനത്തെയും ഭൂമിയിൽ ആഴ്ത്തിക്കളയുകയാണ് ചെയ്തത്.

"ക്വാറൂൻ പറഞ്ഞു: എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിതു ലഭിച്ചത്. എന്നാൽ അവന്നു മുമ്പ് അവനെക്കാൾ കടുത്ത ശക്തിയുള്ളവരും കൂടുതൽ സംഘബലമുള്ളവരുമായിരുന്ന തലമുറകളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്ന് അവൻ മനസ്സിലാക്കിയിട്ടില്ലേ? തങ്ങളുടെ പാപങ്ങളെ പറ്റി കുറ്റവാളികളോട് അന്വേഷിക്കപ്പെടുന്നതല്ല. അങ്ങനെ അവൻ ജനമധ്യത്തിലേക്ക് ആർഭാടത്തോടെ ഇറങ്ങി പുറപ്പെട്ടു. ഐഹികജീവിതം ലക്ഷ്യമാക്കുന്നവർ അത് കണ്ടിട്ട് ഇപ്രകാരം പറഞ്ഞു: ക്വാറൂന് ലഭിച്ചത് പോലുള്ളത് ഞങ്ങൾക്കുമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. തീർച്ചയായും അവൻ വലിയ ഭാഗ്യമുള്ളവൻ തന്നെ! ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവർ പറഞ്ഞു: നിങ്ങൾക്ക് നാശം! വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് അല്ലാഹുവിന്റെ പ്രതിഫലമാണ് കൂടുതൽ ഉത്തമം. ക്ഷമാശീലമുള്ളവർക്കല്ലാതെ അത് നൽകപ്പെടുകയില്ല. അങ്ങനെ അവനെയും അവന്റെ ഭവനത്തെയും നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അപ്പോൾ അല്ലാഹുവിന് പുറമെ തന്നെ സഹായിക്കുന്ന ഒരു കക്ഷിയും അവന്നുണ്ടായില്ല. അവൻ സ്വയം രക്ഷിക്കുന്നവരുടെ കൂട്ടത്തിലുമായില്ല" (ക്വുർആൻ 28:78-81).

**(അവസാനിച്ചില്ല)**

പി.എൻ സോമൻ
mail@nerpatham.com

അനുഭവം




# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

വിങ്ങിപ്പൊട്ടിക്കൊണ്ട് അവൾ ചോദിച്ചു:

"എന്തിനുവേണ്ടിയാണിത് ചെയ്തത്? ആദ്യം കൂട്ടുകാരനെയും ഇപ്പോൾ കുടുംബക്കാരനെയും അരുംകൊല ചെയ്തില്ലേ? ഇത്രയും ക്രൂരത ചെയ്യുന്ന മതത്തിലേക്ക് നിങ്ങൾ എന്തിനാണ് പോയത്? ഇനിയെത്ര പേരെ കൊല്ലും? മക്കളില്ലാത്ത ഇളയച്ഛൻ നിങ്ങളെയൊക്കെ എത്രമാത്രം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തതാണ്. എന്നിട്ടും നിങ്ങൾ അത് ചെയ്തല്ലോ! കൂടോത്രം ചെയ്തു മനുഷ്യരെ കൊല്ലുന്ന നീയൊക്കെ മുടിഞ്ഞുപോകുകയേയുള്ളൂ."

അവൾ ശാന്തയായപ്പോൾ ഞാൻ സൗമ്യമായി പറഞ്ഞു:"സഹോദരി, നീ പറഞ്ഞതും വിശ്വസിക്കുന്നതുമെല്ലാം വെറും തെറ്റിദ്ധാരണകൾ മാത്രമാണ്. മന്ത്രവാദം കൊണ്ട് എന്തെങ്കിലും നേടാൻ കഴിയുമായിരുന്നെങ്കിൽ ഞങ്ങൾക്ക് ഇവിടുന്ന് പേടിച്ച് ജീവരക്ഷാർഥം നാടുവിടേണ്ടി വരുമായിരുന്നോ? മനുഷ്യരെ കൊല്ലുന്ന ഒരു മന്ത്രവാദവും എനിക്കറിയില്ല."

മൂന്ന് മണി കഴിഞ്ഞിട്ടും വേലന്റെ ബോഡി വന്നില്ല. പകരം ഒരു വാർത്ത വന്നു; 'വേലൻ മരിച്ചിട്ടില്ല, ജീവനുണ്ട്. മെഡിക്കൽ കോളേജിലാണ്.'

ഇതെന്തൊരത്ഭുതം! വിവരം അറിഞ്ഞയുടൻ വണ്ടിവിളിച്ച് ഞങ്ങൾ മെഡിക്കൽ കോളേജിലേക്ക് പാഞ്ഞു. അമ്മാവനെ നേരിൽകണ്ടപ്പോൾ ഞെട്ടിപ്പോയി. കണ്ണുകൾ പുറത്തേക്ക് തള്ളി, താടിയെല്ലുകൾ സ്ഥാനം തെറ്റി, വായതുറന്ന്, ദേഹമാസകലം മുറിവുകളോടെയുള്ള വികൃതരൂപത്തെ തീയേറ്ററിൽനിന്നും ഇറക്കിക്കൊണ്ടുവരുന്നു. മരണവുമായി മൽപ്പിടുത്തം നടത്തുകയാണ്!

സഹിക്കാനാവാത്ത കാഴ്ച കണ്ട് അല്ലാഹുവിനോട് യാചിച്ചു: 'നാഥാ... ഈ അവസ്ഥയിൽ അമ്മാവനെ മരിപ്പിക്കരുത്. ഏകസത്യം അറിയിക്കുന്നതിനുള്ള ഒരവസരം കൂടി എനിക്കു തരേണമേ തമ്പുരാനേ...'

പിന്നീട് മാമിയെ വിളിച്ച് സംഭവങ്ങൾ ചോദിച്ചറിഞ്ഞു.

"മോനേ, ക്ഷേത്രത്തിൽ സന്ധ്യാവിളക്ക് വെക്കുന്നതിന് മുമ്പ് മെയിൻറോഡിനു എതിർവശത്തുള്ള കുളത്തിൽ പോയി. കുളികഴിഞ്ഞു ക്ഷേത്രത്തിലേക്കു റോഡ് മുറിച്ചുകടക്കുമ്പോൾ ഒരു വാൻ പാഞ്ഞുവന്ന് അമ്മാവനെ ഇടിച്ചു തെറിപ്പിച്ച് നിർത്താതെ കടന്നുപോയി. ഞങ്ങൾ ഓടിച്ചെല്ലുമ്പോൾ ചോരയിൽകുളിച്ച് കിടന്ന് പിടയുകയാണ്. സ്ഥലത്തുണ്ടായിരുന്ന പോലീസുകാർ ഒരു ജീപ്പ് വിളിച്ചുതന്നു. അപ്പോൾ അനക്കമൊന്നും ഉണ്ടായിരുന്നില്ല. ഇന്ന് ഉച്ചകഴിഞ്ഞപ്പോഴാ അനക്കം ഉണ്ടായത്."

"ഇന്നലെ സന്ധ്യാവിളക്ക് കത്തിച്ചോ?"

"ഇല്ല മോനേ, ആരു കത്തിക്കാൻ!."

"ഞങ്ങൾ ചത്തില്ലെങ്കിൽ ഇനിയും സന്ധ്യാവിളക്ക് കത്തിക്കുകയില്ലെന്നു പമ്പാനദിയിൽ മുങ്ങിപ്പൊങ്ങി ശപഥം ചെയ്തിട്ടല്ലേ ഇന്നലെ പോയത്? ഞങ്ങളാരും മരിച്ചിട്ടില്ല."

അതുകേട്ടപ്പോൾ മാമി വീണ്ടും പൊട്ടിക്കരഞ്ഞു. ഈ സമയം അമ്മയും അച്ഛനും മറ്റു ബന്ധുക്കളും എത്തി. അമ്മ പ്രാർഥിച്ചു: "അല്ലാഹുവേ, എന്റെ കുഞ്ഞിനെ ജീവനോടെ തിരിച്ചുതരേണമേ. അവൻ അറിവില്ലായ്മയാൽ ചെയ്ത തെറ്റുകൾ നീ ക്ഷമിച്ചു മാപ്പ് കൊടുക്കണേ..."

വിങ്ങിപ്പൊട്ടിയുള്ള അമ്മയുടെ പ്രാർഥന കേട്ട് അവിടെ കൂടിനിന്നവരെല്ലാം കരഞ്ഞുപോയി.

"ആരാ അമ്മായീ നിങ്ങളെ ഇവിടെ കൊണ്ടുവന്നത്?"

"ആരാണ്ട്... രണ്ടുവണ്ടി ആൾക്കാർ ഉണ്ടായിരുന്നു."

"ആരാ അമ്മാവൻ മരിച്ചു എന്ന വാർത്ത കൊടുത്തത്?"

"എനിക്കറിയില്ല മോനേ... ഇടയ്ക്ക് വെള്ളം കൊടുത്തപ്പോൾ കുടിച്ചില്ല. അപ്പോഴേ അമ്മാവൻ മരിച്ചെന്ന് ആരൊക്കെയോ പറയുന്നത് കേട്ടു. ഇവിടെ വന്ന ആൾക്കാർ എന്തൊക്കെയോ എഴുതി കൊണ്ടുപോയി. മരിച്ച വാർത്ത കൊടുത്തത് ആരാണെന്ന് എനിക്കറിയില്ല. എനിക്ക് ബോധം ഇല്ലായിരുന്നു."

"കഷ്ടം തന്നെ! ജീവനുള്ള മനുഷ്യനെ ശവമാക്കി."

മൂന്നാഴ്ചത്തെ ചികിത്സക്കുശേഷം ഒരുവിധം സുഖം പ്രാപിച്ചു സ്വാമി നാട്ടിലെത്തി.

ഈ സംഭവത്തോടുകൂടി പല ശത്രുക്കളുടെയും ശത്രുത വളരെ കുറഞ്ഞു. ഞങ്ങളെ പരസ്യമായി ഉപദ്രവിക്കുകയും എതിർക്കുകയും ചെയ്യുന്നവർക്കൊക്കെ ഉടനടി അപകടങ്ങൾ വന്നതു ബോധ്യപ്പെട്ടതു കൊണ്ടായിരിക്കാം ചില ബദ്ധശത്രുക്കൾ പോലും ലോഹ്യം പറഞ്ഞ് അടുക്കുവാൻ തുടങ്ങി! (എന്റെ ഒരു നിഗമനം).

ഞങ്ങൾ ഇടയ്ക്കിടെ നാട്ടിലേക്കു പോകാനും വരാനും തുടങ്ങി. അമ്മാവൻ ശത്രുതയൊക്കെ ഉള്ളിലൊതുക്കി എന്റെ വീട്ടിൽ വരാനും തുടങ്ങി.

ഒരുദിവസം നല്ല അവസരമുണ്ടാക്കി അമ്മാവനുമായി പലതും ചർച്ച ചെയ്തു.

"അമ്മാവാ... നമ്മുടെ സംസാരവിഷയം അവസാനിക്കുന്നതുവരെ ഒഴിഞ്ഞുമാറുകയോ എതിർക്കുകയോ ചെയ്യരുത്."

"ഇല്ല, പറഞ്ഞോളൂ."

നമ്മൾ തലമുറകളായി തലപ്പാറ മലദേവ കൊച്ചുവേല കുടുംബക്കാർ മലദൈവങ്ങളെയും ശ്രീ അയ്യപ്പനെയും വിശ്വസിച്ചും സേവിച്ചും ആരാധിച്ചും വരികയും പിൻതലമുറകളിലേക്കു പകർന്നുകൊടുക്കുകയുമാണല്ലോ ചെയ്തുകൊണ്ടിരിക്കുന്നത്. മൂന്ന് മലവേല കുടുംബങ്ങളുടെയും സ്ഥിതിഗതികൾ ഞാൻ നേരിട്ടു കണ്ട് ബോധ്യപ്പെട്ടതാണ്. അമ്മാവനുൾപ്പെടെ ആർക്കെങ്കിലും ഒരു പുരോഗതിയുള്ളതായി പറയാനുണ്ടോ? ദാരിദ്ര്യവും അവഹേളനവുമല്ലാതെ എന്താണ് നേട്ടം? ശബരിമല ശ്രീ അയ്യപ്പസന്നിധിയിൽ ഓരോ വർഷവും കോടാനുകോടി രൂപയും ഇതരസമ്പത്തുക്കളും കുമിഞ്ഞു കൂടുന്നു. ശ്രീ അയ്യപ്പന് ലഭിക്കുന്ന ഒരു ദിവസത്തെ വരുമാനം വളർത്തച്ഛനു കിട്ടിയാൽ നമ്മുടെ എത്ര കുടുംബങ്ങൾ ദാരിദ്ര്യത്തിൽനിന്ന് രക്ഷപ്പെടും?! തിരുവാഭരണ പൂജ മലവേലൻ ചെയ്തുകഴിയുമ്പോൾ പന്തളം രാജാവ് ദക്ഷിണയായി ഇട്ടുതരുന്ന ഒരു പിടി പണവും (അഞ്ഞൂറ് രൂപയിൽ താഴെ മാത്രം) അയ്യപ്പന്മാർ നേർച്ചയായി വലിച്ചെറിയുന്ന ചില്ലിക്കാശും എല്ലാംകൂടി ഒരു വർഷം ഒരു പതിനായിരം രൂപ കിട്ടിയ സംഭവമുണ്ടോ? ആർക്കുവേണ്ടി, എന്ത് നേട്ടത്തിനു വേണ്ടിയാ നമ്മൾ കൊടുംവനത്തിൽ മഴയും തണുപ്പും പട്ടിണിയും സഹിച്ച് ഈ ത്യാഗം ചെയ്യുന്നത്? തലമുറ തലമുറയായി നമ്മൾ എന്തു നേടി? വരും തലമുറ എന്ത് നേടും? ഒരിക്കലെങ്കിലും ഇതേക്കുറിച്ച് അമ്മാവൻ ചിന്തിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇപ്പോഴത്തെ ഈ അവസ്ഥയിലെങ്കിലും ചിന്തിച്ച് ഒരു പരിവർത്തനത്തിന് തയ്യാറായിക്കൂടേ?"

"പണവും സമ്പത്തും ആഗ്രഹിച്ചാണോ നമ്മൾ തലമുറ തലമുറയായിട്ട് ഈ ആചാരങ്ങൾ നിലനിർത്തിപ്പോരുന്നത്? നമ്മുടെ അവകാശവും

അധികാരവും അറിയാവുന്ന ദേവസ്വംബോർഡോ, പന്തളം കുടുംബമോ അറിഞ്ഞുതരേണ്ടതല്ലേ?"

"നമ്മൾ ചോദിച്ചാൽ തരില്ല, പിന്നെയാ അറിഞ്ഞ് തരുന്നത്!"

"മലദേവനും പൂജാരിയുമായ അമ്മാവന് പുണ്യസ്ഥലത്തുവച്ച് ഇത്രവലിയ അപകടം സംഭവിച്ചപ്പോൾ ഏതെങ്കിലും ആരാധനമൂർത്തികൾ തടഞ്ഞോ? ആരെങ്കിലും സാമ്പത്തികമായി സഹായിച്ചോ? രക്ഷിച്ചോ?"

"എന്നെ ദൈവം രക്ഷിച്ചു. അതുകൊണ്ടാ മരിച്ച ഞാൻ വീണ്ടും ജീവിച്ചു വീട്ടിൽ വന്നത്."

"സമ്മതിച്ചിരിക്കുന്നു. രക്ഷിച്ചത് ദൈവം തന്നെ. സംശയമില്ല. രക്ഷിച്ച ആ ദൈവത്തെ തിരിച്ചറിഞ്ഞു വിശ്വസിച്ച് ഇനിയുള്ള കാലം മുന്നോട്ട് പോകാമോ? നമ്മുടെ പൂർവികർ മുതൽ ചുമന്നുകൊണ്ട് നടന്നതും തോളിലേക്ക് വച്ചുതന്നതും യഥാർഥ ദൈവത്തെയാണെന്ന് അമ്മാവൻ വിശ്വസിക്കുന്നുണ്ടോ?"

അമ്മാവന്റെ മറുപടി മൗനമായിരുന്നു.

"ഈ മഹാപ്രപഞ്ചവും നമ്മൾ കാണുന്ന സർവ ചരാചരങ്ങളെയും സൃഷ്ടിച്ച ദൈവത്തിന് യാതൊന്നിന്റെയും രൂപമില്ല. സാദൃശ്യമില്ല. അവനെ നമ്മൾ കണ്ണുകൊണ്ട് കാണുന്നില്ലെങ്കിലും നമ്മളെ അവൻ സദാ കണ്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ ഹൃദയത്തിന്റെ മിടിപ്പുപോലും എത്രയെന്നു ദൈവം അറിയുന്നുണ്ട്. നമ്മൾ ഉപയോഗിക്കുന്ന പൂജാവസ്തുക്കളൊന്നും ആ ദൈവത്തിന് ആവശ്യമില്ല. നമ്മൾ എന്ത് ചോദിച്ചാലും, നമുക്ക് ആവശ്യമുള്ളതും അല്ലാത്തതും ആ ദൈവത്തിന് അറിവുള്ളതുകൊണ്ട് ആവശ്യമുള്ളത് മാത്രമെ അവൻ തരികയുള്ളൂ. അതുകൊണ്ട് നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പിൽ തന്നെ നമുക്ക് പോകണം."

"ഞാൻ എന്തു ചെയ്യണം?" അമ്മാവൻ മൗനം വെടിഞ്ഞു.

"ഒന്നാമതായി പന്തളം രാജാവ് നമ്മുടെ പൂർവികരെ കൽപിച്ചേൽപിച്ച വാൾ, അരപ്പട്ട, ശംഖ്, തൃശൂലം മുതലായ എല്ലാ സാധനങ്ങളും തിരികെ കൊടുക്കുകയും ഇനി മുതൽ ഞങ്ങൾ ഈ ആചാരം നിർത്തുകയാണെന്നും മറ്റാരെയെങ്കിലും ഏൽപിച്ചോളൂ എന്നു പറയുകയും വേണം. ഞാനും കൂടെ വരാം. പിന്നെ അമ്മാവനും മാമിയും ഞാൻ വിശദീകരിച്ചുതന്ന ആ ഏകദൈവത്തിൽ ഉറച്ചു വിശ്വസിക്കണം. തുടർന്ന് ദിവസവും രാത്രിയും പകലും, ആ ദൈവം നിങ്ങളുടെ മുമ്പിലുണ്ട് എന്ന വിശ്വാസത്തോടുകൂടി അവന്റെ മുമ്പിൽ തലകുനിച്ചു നമസ്കരിക്കണം. അവനോടു മാത്രം പ്രാർഥിക്കണം. തയ്യാറാണോ?"

"എടാ കുഞ്ഞേ... നീ പറയുന്നതാണ് സത്യം. എനിക്കു മനസ്സിലായി. പക്ഷേ..."

"അമ്മാവാ, ഇനി ഒന്നും ആലോചിക്കേണ്ട. മക്കളും മരുമക്കളുമായി ഞങ്ങൾ മാത്രമെ നിങ്ങൾക്കുള്ളൂ. ഒരു വീഴ്ച വരുമ്പോൾ നമ്മൾ പൂജിക്കുന്ന ഒരു മലമൂർത്തികളും സഹായിക്കില്ലെന്നു ബോധ്യപ്പെട്ടില്ലേ? യഥാർഥ ദൈവത്തെ കൈവിട്ട് മിഥ്യാമൂർത്തികളെ സേവിച്ച് ജീവിക്കുന്നവർക്ക് ഒരു വിജയവും ഉണ്ടാകില്ല."

"നീ പറഞ്ഞതെല്ലാം ശരിയാണ്. ഞാൻ ഇപ്പോൾ ഇതെല്ലാം വിട്ടൊഴിഞ്ഞാൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകും. തിരുവാഭരണങ്ങൾക്ക് പൂജചെയ്ത് തലപ്പാറമല കോട്ടയിൽനിന്നും ആനയിച്ചില്ലെങ്കിൽ മലവേലന്റെ തല വെട്ടിക്കളയുമെന്നാണ് രാജകൽപന."

"ഇത് നൂറ്റാണ്ടുകൾക്ക് മുമ്പുള്ള കൽപനയല്ലേ? ഇപ്പോൾ രാജഭരണമല്ല. രാജാവിന്റെ പിൻഗാമികൾക്കൊന്നും തല വെട്ടാനുള്ള അധികാരമില്ല. ഈ ആചാരം മുന്നോട്ട് കൊണ്ട്പോകാൻ നമുക്ക് താൽപര്യമില്ലെന്നു പറഞ്ഞാൽ ആരും നിർബന്ധിക്കുകയില്ല. ധൈര്യമായി ദൈവത്തിൽ ആശ്രയിച്ച് മുന്നോട്ട് പോകാം. ഒന്നും ഭയപ്പെടേണ്ട."

"എന്തായാലും ഞാൻ ഇതുവരെ അനുഷ്ഠിച്ചുവന്ന ആചാരങ്ങൾ ഒഴിഞ്ഞുകളയാൻ തയ്യാറല്ല. എന്റെ കാലശേഷം ഇത് നിലനിർത്തി തുടർന്നുപോകേണ്ട ഉത്തരവാദിത്തം നിനക്കാണ്. നീ ഇപ്പോൾ സ്വീകരിച്ച മുസ്‌ലിം വിശ്വാസം ഒഴിഞ്ഞ് പൂർവികർ കൈമാറിത്തന്ന ആചാരം മുന്നോട്ട് കൊണ്ടുപോകണം. ഇല്ലെങ്കിൽ വലിയ കുഴപ്പങ്ങൾ ഉണ്ടാകും."

"രക്ഷയും ശിക്ഷയും എവിടെനിന്നു ലഭിക്കുമെന്ന് ഞാൻ തിരിച്ചറിഞ്ഞു. അത് നിങ്ങളെയും ബോധ്യപ്പെടുത്തി. ഏകനായ ദൈവത്തെ ഉപേക്ഷിച്ചിട്ട് ഭൂമിയിലുണ്ടെന്നു വിശ്വസിക്കുന്നതും ആരാധിക്കുന്നതുമായ ഒന്നിന്റെയും പിന്നാലെ ഞാൻ വരില്ല. അത് പ്രതീക്ഷിക്കുകയും വേണ്ടാ... പക്ഷേ, അമ്മാവന് അപകടം ഉണ്ടായ വിവരമറിഞ്ഞപ്പോൾ ഇപ്പോൾ പറഞ്ഞ സത്യങ്ങൾ അറിയിക്കുന്നതിന് വേണ്ടി ഒരവസരം തരണമെന്ന് ദൈവത്തോട് വളരെ വിഷമത്തോടുകൂടി ഞാൻ യാചിച്ചിരുന്നു. ദൈവം അതിനുള്ള അവസരവും തന്നു. പക്ഷേ, അമ്മാവൻ അത് അംഗീകരിക്കുന്നില്ല. അമ്മാവനെ രക്ഷിച്ചതു ദൈവമാണെന്നു സമ്മതിക്കുന്നു. എന്നാൽ രക്ഷിച്ച ദൈവത്തെ ഇനിയും അംഗീകരിക്കാൻ വയ്യ! ഒന്നുകൂടി ആലോചിക്കൂ... മരണം പിടികൂടിയാൽ പിന്നെ ദുഃഖിച്ചിട്ടു കാര്യമില്ല."

"ഇല്ല കുഞ്ഞേ, ഞാൻ ഈ പ്രായംവരെ സേവിച്ചതൊന്നും ഉപേക്ഷിക്കില്ല. പിന്നെ എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്..."

"എന്താണെങ്കിലും പറയൂ അമ്മാവാ."

തലയുയർത്താതെ അമ്മാവൻ ആ ഞെട്ടിക്കുന്ന രഹസ്യം പറഞ്ഞുതുടങ്ങി. **(തുടരും)**



ചരിത്രപഥം

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

# പരലോകത്ത് ഉന്നത പദവികൾ

**മുഹമ്മദ് നബിﷺ 20**

ആദം(عليه السلام) മുതലുള്ള എല്ലാ പ്രവാചകന്മാരുമടക്കം എല്ലാ മനുഷ്യരും ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസമാണ് അന്ത്യനാൾ. അന്ന് എല്ലാവരുടെയും നേതാവ് (സയ്യിദ്) മുഹമ്മദ് നബിﷺയായിരിക്കും എന്നത് അദ്ദേഹത്തിന് അല്ലാഹു നൽകിയ വമ്പിച്ച സ്ഥാനം തന്നെയാണ്.

സയ്യിദ് എന്ന പദത്തെ ഇമാം നവവി(رحمه الله) വിശദീകരിച്ചത് ഉയർത്തിപ്പിടിച്ച് നബിﷺയോട് സഹായം തേടാൻ തെളിവാക്കുന്ന ചിലരുണ്ട്. നേതാവ് എന്ന് പറയുന്നതിനെ പറ്റിയാണ് ഇമാം നവവി(رحمه الله) അവിടെ പതിപാദിക്കുന്നത്. അല്ലാഹുവിന് പുറമെ നബിﷺയോടും പ്രാർഥിക്കാം എന്ന് സമർഥിക്കുന്നതിന് വേണ്ടിയല്ല അദ്ദേഹം അത് പറയുന്നത്.

ഈ ഹദീഥിനെ അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കാനുള്ള രേഖയായി മുൻഗാമികളായ ആരും തന്നെ നമ്മെ പഠിപ്പിച്ചിട്ടുമില്ല.

നബിﷺയുടെ മൗലിദ് ആഘോഷവേളയിൽ തിരുനബിﷺ അവരുടെ സദസ്സുകളിൽ ഹാജരാകുന്നുണ്ടെന്ന് വിശ്വസിക്കുന്ന വിവരമില്ലാത്തവരുണ്ട്. മതപ്രമാണങ്ങളിലുള്ള അവരുടെ അജ്ഞതയുടെ ആഴം എത്ര വലുതാണെന്ന് ഈ ഹദീഥ് വെച്ച് മനസ്സിലാക്കാവുന്നതാണ്. നബിﷺ അന്ത്യനാളിൽ മാത്രമെ ക്വബ്റിൽനിന്നും പുറത്ത് വരികയുള്ളൂ. അന്ന് നബിﷺയായിരിക്കും ആദ്യമായി ക്വബ്റിൽനിന്ന് എഴുന്നേൽക്കുക എന്ന് അവിടുന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. അതിനുമുമ്പ് അവിടുന്ന് ക്വബ്റിൽ നിന്ന് എഴുന്നേറ്റ് ഭൗതിക ലോകത്തേക്ക് വരുന്നതിനെ പറ്റി ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നില്ല. കഴിഞ്ഞുപോയ മഹാന്മാരായ എത്രയോ പണ്ഡിത പ്രമുഖന്മാരുണ്ട്. അവരുടെ ആയിരക്കണക്കിന് കിതാബുകളുണ്ട്. ആരും എവിടെയും ഇപ്രകാരം ഒരു വിശ്വാസം വിവരിക്കുന്നത് നമുക്ക് കാണുക സാധ്യമല്ല. പിൽക്കാലത്ത് വന്ന ചില പിഴച്ച ചിന്താഗതിക്കാരാണ് ഈ വിശ്വാസം പ്രചരിപ്പിച്ചത്. മരണത്തിന് ശേഷം ക്വിയാമത്ത് നാളിലാണ് എല്ലാവരും ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്നതാണ് ക്വുർആൻ നമ്മെ പഠിപ്പിക്കുന്നത്.

"പിന്നീട് തീർച്ചയായും നിങ്ങൾ അതിനു ശേഷം മരിക്കുന്നവരാകുന്നു. പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ തീർച്ചയായും നിങ്ങൾ എഴുന്നേൽപിക്കപ്പെടുന്നതാണ്" (ക്വുർആൻ 23:15,16).

എല്ലാവരും മഹ്ശറിൽ ഒരുമിച്ചുകൂട്ടപ്പെടുന്ന ദിവസം. ആരും ആരെയും തിരിഞ്ഞുനോക്കാത്ത, ഭയവിഹ്വലരായി കുറ്റവാളികൾ ഹാജരാക്കപ്പെടുന്ന ദിവസം. കൊല്ലങ്ങളോളം കത്തിജ്ജ്വലിക്കുന്ന സൂര്യനു താഴെ വിചാരണകാത്ത് മനുഷ്യരെല്ലാം നിൽക്കുന്ന ദിവസം. രക്ഷയെങ്കിൽ രക്ഷ, ശിക്ഷയെങ്കിൽ ശിക്ഷ എന്ന് വിചാരിക്കുന്ന ഭയാനകരമായ മഹ്ശർ. അന്ന് വിചാരണക്കെടുക്കാനായി അല്ലാഹുവിനോട് ശുപാർശക്കായി ഓരോ നബിയെയും മനുഷ്യർ സമീപിക്കുന്നു. ഓരോരുത്തരും അടുത്ത പ്രവാചകനിലേക്ക് ചെല്ലാൻ ആവശ്യപ്പെടുകയും അവസാനം മുഹമ്മദ് നബിﷺയുടെ അടുത്ത് ചെന്ന് ശഫാഅത്തിനായി അപേക്ഷിക്കുന്നു. എന്നാൽ അന്ന് സ്വന്തം ഇഷ്ടപ്രാകാരം ആരും ആർക്കുവേണ്ടിയും ശുപാർശ നടത്തുകയില്ല. അല്ലാഹുവിന്റെ അനുവാദം ലഭിക്കുന്നതിനാൽ മുഹമ്മദ് നബിﷺ സുജൂദിൽ വീഴുന്നു. അങ്ങനെ കുറെ നാൾ പിന്നിടുമ്പോൾ നബിﷺയോട് ശുപാർശ നടത്താൻ അല്ലാഹു കൽപിക്കുന്നു. നബിﷺ ശുപാർശക്ക് തേടുന്നു. ശുപാർശ സ്വീകരിക്കപ്പെടുന്നു. അന്ന് അല്ലാഹുവിനോട് ആദ്യമായി ശുപാർശ നടത്തുന്നതും മുഹമ്മദ് നബിﷺ തന്നെ.

ശിർക്ക് ചെയ്യുന്നവർക്ക് നബിﷺയുടെ ശഫാഅത്ത് ലഭിക്കുന്നതല്ല. അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്നത് ശിർക്കാണല്ലോ. എന്നാൽ ക്വിയാമത്ത് നാളിൽ നബിﷺ അല്ലാഹുവിന്റെ അനുമതിയോടെ നടത്തുന്ന ശുപാർശ ലഭിക്കാൻ ചിലർ നബിﷺയോടാണ് ചോദിച്ചുകൊണ്ടിരിക്കുന്നത്!

### അനുയായികൾ ധാരാളമുള്ള പ്രവാചകൻ

പ്രവാചകന്മാർ ജനങ്ങളെ സന്മാർഗത്തിലേക്ക് ക്ഷണിച്ചപ്പോൾ വിശ്വസിച്ചവരും അവിശ്വസിച്ചവരും ഉണ്ടായിരുന്നു. ചിലരിൽ വിരലിൽ എണ്ണാവുന്ന തുച്ഛമായവരേ വിശ്വസിച്ചിരുന്നുള്ളൂ. ചിലർക്ക് വലിയ അനുയായികളെയും കിട്ടിയിട്ടുണ്ട്. എന്നാൽ ഏറ്റവുമധികം അനുയായികളുള്ള പ്രവാചകൻ മുഹമ്മദ് നബിﷺയാകുന്നു.

അനസി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: സ്വർഗത്തിൽ ശുപാർശ നടത്തുന്ന ആളുകളിൽ ഒന്നാമനാകുന്നു ഞാൻ. നബിമാരിൽ ധാരാളം അനുയായികളുള്ളവനും ഞാനാകുന്നു" (മുസ്‌ലിം).

> **കൊല്ലങ്ങളോളം കത്തിജ്ജ്വലിക്കുന്ന സൂര്യനു താഴെ വിചാരണകാത്ത് മനുഷ്യരെല്ലാം നിൽക്കുന്ന ദിവസം. രക്ഷയെങ്കിൽ രക്ഷ, ശിക്ഷയെങ്കിൽ ശിക്ഷ എന്ന് വിചാരിക്കുന്ന ഭയാനകരമായ മഹ്ശർ. അന്ന് വിചാരണക്കെടുക്കാനായി അല്ലാഹുവിനോട് ശുപാർശക്കായി ഓരോ നബിയെയും മനുഷ്യർ സമീപിക്കുന്നു. ഓരോരുത്തരും അടുത്ത പ്രവാചകനിലേക്ക് ചെല്ലാൻ ആവശ്യപ്പെടുകയും അവസാനം മുഹമ്മദ് നബിﷺയുടെ അടുത്ത് ചെന്ന് ശഫാഅത്തിനായി അപേക്ഷിക്കുന്നു. എന്നാൽ അന്ന് സ്വന്തം ഇഷ്ടപ്രാകാരം ആരും ആർക്കുവേണ്ടിയും ശുപാർശ നടത്തുകയില്ല. അല്ലാഹുവിന്റെ അനുവാദം ലഭിക്കുന്നതിനാൽ മുഹമ്മദ് നബിﷺ സുജൂദിൽ വീഴുന്നു.**

## സ്വർഗത്തിൽ ആദ്യം പ്രവേശിക്കുന്നയാൾ


നബിﷺക്ക് അല്ലാഹു നൽകിയ മറ്റൊരു സ്ഥാനവും പ്രത്യേകതയുമാണിത്. നബിﷺ പറയുന്നത് കാണുക: അനസി﵁ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'അന്ത്യനാളിൽ പ്രവാചകന്മാരിൽ ഏറ്റവും കൂടുതൽ അനുയായികൾ ഉള്ളവൻ ഞാനായിരിക്കും. സ്വർഗ കവാടത്തിൽ ആദ്യമായി മുട്ടുന്നവനും ഞാനായിരിക്കും" (മുസ്‌ലിം).

അനസി﵁ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "അന്ത്യനാളിൽ ഞാൻ സ്വർഗകവാടത്തിൽ ചെല്ലുന്നതാണ്. എന്നിട്ട് (അത്) തുറക്കുവാൻ ഞാൻ ആവശ്യപ്പെടുന്നതാണ്. അപ്പോൾ (അതിന്റെ) കാവൽക്കാരൻ ചോദിക്കും: 'നീ ആരാണ്?' ഞാൻ പറയും: 'മുഹമ്മദ്.' അപ്പോൾ (കാവൽക്കാരൻ) പറയും: 'നിനക്ക് മുമ്പ് ഒരാൾക്കും ഞാൻ തുറന്ന് കൊടുക്കാതിരിക്കാതെ നിന്നെ കൊണ്ടാണ് (നിനക്ക് തുറന്നുതരാനാണ്) ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്" (മുസ്‌ലിം).

## സ്വിറാത്വ് പാലം ആദ്യമായി കടക്കും

ഭീതിയോടെ വിശ്വാസികൾ കേൾക്കുകയും പഠിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒന്നാണല്ലോ പരലോകത്തിലെ സ്വിറാത്വ് പാലം. അത് കടന്നുവേണം സ്വർഗത്തിൽ എത്താൻ. പാപികൾ അതിലൂടെ വിട്ടുകടക്കാൻ കഴിയാതെ നരകത്തിലേക്ക് വീഴുന്നതാണ്. അന്ന് ആദ്യമായി അത് വിട്ടുകടക്കുന്നത് മുഹമ്മദ് നബിﷺയായിരിക്കും. നബിﷺ നമുക്ക് അതിനെ പറ്റി പറഞ്ഞുതരുന്നത് കാണുക:

"...അങ്ങനെ നരകത്തിനു മുകളിൽ സ്വിറാത്വ് നിർമിക്കപ്പെടും. അപ്പോൾ റസൂലുകളിൽനിന്ന് തന്റെ സമുദായത്തെയുംകൊണ്ട് ആദ്യം (അതിനെ) വിട്ടുകടക്കുന്നവൻ ഞാനായിരിക്കുന്നതാണ്. അന്നേദിവസം റസൂലുകളല്ലാതെ ഒരാളും സംസാരിക്കുന്നതല്ല. അന്നേദിവസം റസൂലുകളടെ സംസാരം (ഇതായിരിക്കും): 'അല്ലാഹുവേ, രക്ഷപ്പെടുത്തേണമേ... രക്ഷപ്പെടുത്തേണമേ...' സഅ്ദാൻ ചെടിയുടെ മുള്ള് പോലെയുള്ള കൊളുത്തുകൾ നരകത്തിന് ഉണ്ടായിരിക്കുന്നതാണ്. സഅ്ദാന്റെ മുള്ള് നിങ്ങൾ കണ്ടിട്ടുണ്ടോ?' അവർ പറഞ്ഞു: 'അതെ.' നബിﷺ പറഞ്ഞു: 'എന്നാൽ അത് സഅ്ദാൻ മുള്ളിനെ പോലിരിക്കും. എന്നാൽ അതിന്റെ വലിപ്പത്തിന്റെ അളവ് അല്ലാഹുവിനല്ലാതെ അറിയുകയില്ല. ജനങ്ങളുടെ കർമങ്ങൾക്ക് അനുസരിച്ച് അത് (നരകത്തിലേക്ക്) റാഞ്ചി വലിക്കുന്നതാണ്..." (ബുഖാരി).



നരകത്തിന് മുകളിൽ സ്ഥാപിക്കപ്പെടുന്ന പാലമാണ് സ്വിറാത്വ്. അതിലൂടെയാണ് സ്വർഗത്തിലേക്ക് പോകേണ്ടത്. അന്ന് എല്ലാ നബിമാരും അവരുടെ ജനതയെയുമായി അതിലൂടെ പോകും. പാപികൾ നരകത്തിൽ വീഴും. ആദ്യമായി മുഹമ്മദ് നബിﷺയായിരിക്കും അത് വിട്ടു കടക്കുക. അന്ന് പ്രവാചകന്മാരല്ലാതെ ഒരാളും സംസാരിക്കുകയില്ല. 'അല്ലാഹുവേ, രക്ഷിക്കണേ' എന്നായിരിക്കും അവർ പോലും അന്നേരം പറയുന്നത്! സഅ്ദാൻ ചെടിയുടെ മുള്ള് പോലെയുള്ള കൊളുത്തുകൾ നരകത്തിന് ഉണ്ടായിരിക്കുന്നതാണ്. ആ പാലത്തിലൂടെ കടക്കുന്ന പാപികളെ ആ കൊളുത്തുകൾ കൊളുത്തുകയും നരകത്തിലേക്ക് അവരെ വലിച്ചിടുകയും ചെയ്യുന്നതാണ്. സഅ്ദാൻ ചെടിയുടെ മുള്ളിന്റെ വലിപ്പവും അത് തട്ടിയാലുള്ള നീറ്റലും പുകച്ചിലും അസ്വസ്ഥതയും സ്വഹാബികൾക്ക് നല്ല പരിചയമുണ്ടായിരുന്നു. അതിനെക്കാളും ഭീകരമാണ് അതെന്നും അതിന്റെ വലിപ്പവും സ്വഭാവവും അല്ലാഹുവിനല്ലാതെ ആർക്കും അറിയുകയില്ല എന്നും നബിﷺ സ്വഹാബത്തിനെ പഠിപ്പിക്കുന്നു. ആ കൊളുത്തുകൾ സ്വിറാത്വിലൂടെ പോകുന്നവരുടെ കർമങ്ങൾക്ക് അനുസരിച്ച് കൊളുത്തുകയും നരകത്തിലേക്ക് വീഴ്ത്തുകയും ചെയ്യുന്നതാണ്.

നരകത്തിന് മുകളിൽ പാലമോ? അതിന്റെ മുകളിൽ ഒരു പാലം ഉണ്ടായാൽ അത് കരിഞ്ഞുപോകില്ലേ? എങ്ങനെയാണ് അതിന് മുകളിൽ അങ്ങനെയൊരു പാലം നിൽക്കുക? എങ്ങനെയാണ് അതിലൂടെ നടന്നുപോകുക? ഇങ്ങനെയെല്ലാം ചോദിച്ച് അല്ലാഹുവിന്റെ റസൂൽﷺ പഠിപ്പിച്ച ഇത്തരം അദൃശ്യമായ കാര്യങ്ങളെ പരിഹസിച്ചും നിഷേധിച്ചും കളവാക്കിയും പലരും കഴിഞ്ഞുപോയിട്ടുണ്ട്. ഇന്നും അവരുടെ വാദങ്ങളെ ഏറ്റുപിടിക്കുന്ന ആളുകളുണ്ട്.

(തുടരും)

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com

ലേഖനം




# ക്വദ്റിന്റ രാവ്: മനുഷ്യായുസ്സിലെ അമൂല്യനിധി

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള പുത്തൻ സാങ്കേതികവിദ്യകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ മനുഷ്യരുടെ ആയുർദൈർഘ്യം ഉയരുമെന്നും മരണത്തെ വൈകിപ്പിക്കാമെന്ന് വ്യാമോഹിക്കുകയും ചെയ്യുന്ന ആധുനികശാസ്ത്ര പുരോഗമന യുഗത്തിലും മാരകമായ പകർച്ചവ്യാധിയുടെ മുന്നിൽ നിസ്സഹായരായി തളർന്നുവീഴുകയാണ് മനുഷ്യകുലം.

മരണപ്പെട്ടവരെ ഒരുനോക്ക് പോലും കാണാനാവാതെ ബന്ധുക്കൾ തീനാളങ്ങൾക്കെറിഞ്ഞുകൊടുക്കുന്ന ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെയും പട്ടണങ്ങളിലെയും ദയനീയതയും ആർത്തനാദങ്ങളും മനുഷ്യൻ എത്ര നിസ്സാരനാണെന്ന് ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നു.

ജീൻ എഡിറ്റിംഗിലും രോഗപ്രതിരോധത്തിലുമുള്ള ഗവേഷണം ഊർജിതമാക്കാൻ കോടികൾ മുടക്കി തയ്യാറെടുപ്പുകൾ നടത്തിയിട്ടും സോപ്പുകുമിളകളിൽ അലിഞ്ഞുപോകുന്ന നിസ്സാരമായ വൈറസിന് മുന്നിൽ വാപൊളിച്ച് നിൽക്കുന്ന ശാസ്ത്രലോകത്തിന്റ മരണത്തെ പരാജയപ്പെടുത്താനുള്ള ശ്രമങ്ങൾ എത്ര ബാലിശമാണ്. ചിരഞ്ജീവിയായി മാറി ശാശ്വതമായ ജീവിതം നയിക്കാനാകുന്ന വിധം മരണത്തെ എന്നെന്നേക്കുമായി നിഷ്കാസനം ചെയ്യാൻ നൂറ്റാണ്ടുകളായി മനുഷ്യൻ പണവും അധ്വാനവും ചെലവഴിച്ച് കൊണ്ടിരിക്കുന്നു. നിഷ്ഫലമായ ഇത്തരം ശ്രമങ്ങൾക്കപ്പുറം മനുഷ്യജീവിതത്തിന്റെ അർഥവും ലക്ഷ്യവും തിരിച്ചറിയാനുള്ള വിവേകവും ബുദ്ധിയുമാണ് മനുഷ്യന് വേണ്ടത്. പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു അവന്റെ വചനങ്ങളിലൂടെ മാനവരാശിയെ അത് പഠിപ്പിക്കുന്നുണ്ട്.

“ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല” (ക്വുർആൻ 52:56).

മരണവും ജീവിതവും സൃഷ്ടിച്ചതിന്റെ ലക്ഷ്യവും അല്ലാഹു പഠിപ്പിക്കുന്നുണ്ട്:

“നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു” (ക്വുർആൻ 67:2).

അതിനാൽ മനുഷ്യായുസ്സിന്റെ നൈമിഷികതയെ വളരെ ഗൗരവത്തോടെ കാണുകയും പരിമിതമായ സമയത്തിന്റെ മൂല്യത്തെ തിരിച്ചറിയുകയും മരണത്തെ സദാസമയത്തും ഓർക്കുകയും കടമകൾ നിർവഹിക്കുന്നതിൽ ജാഗ്രത പുലർത്തുകയും ചെയ്യുന്നത് വിശ്വാസികളുടെ പ്രത്യേകതയാണ്.

അബൂശുറൈഹ്(റഹി) നടന്നുപോകവെ പെട്ടെന്ന് ഇരിക്കുകയും തട്ടം കൊണ്ട് മുഖം പൊത്തുകയും പിന്നീട് കരയുകയും ചെയ്തു. എന്താണ് താങ്കളെ കരയിപ്പിച്ചതെന്ന് അദ്ദേഹത്തോട് കൂടെ ഉണ്ടായിരുന്നവരിലൊരാൾ ചോദിച്ചു. അദ്ദേഹം പറഞ്ഞു: ‘എന്റെ ആയുസ്സിന്റ വേഗത്തെയും പ്രവർത്തനങ്ങളുടെ കുറവിനെയും അവധിയുടെ ആഗമനത്തെയും കുറിച്ച് ഞാൻ ചിന്തിച്ചു.’

മരണാനന്തര ജീവിതത്തിൽ വിജയിക്കാനാവശ്യമായ വിശ്വാസ, കർമാനുഷ്ഠാനങ്ങൾ മുഹമ്മദ് നബിﷺ മാനവരാശിയെ പഠിപ്പിച്ചിട്ടുണ്ട്. അത് നിർവഹിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ടോ എന്ന ചിന്തയിലാണ് പൂർവികരായ സജ്ജനങ്ങൾ പലപ്പോഴും കരഞ്ഞത്. ആയുസ്സിനുള്ളിൽ കടന്നുവരുന്ന പുണ്യങ്ങളുടെ സീസണുകളിലും നിസ്സംഗതയും അലസതയും പിടികൂടുന്നുണ്ടോ എന്ന വേവലാതിയും ആശങ്കയും വിശ്വാസിയുടെ മനസ്സുകളിൽ ഉൾകിടിലമുണ്ടാക്കും. പരിശുദ്ധ റമദാനിലെ ദിനരാത്രങ്ങൾ വിശ്വാസിയുടെ ജീവിതത്തിലേക്ക് കടന്നുവരുന്ന മഹാസൗഭാഗ്യമാണ്.

അബൂഹുറയ്റ ؓ നിവേദനം; റസൂൽﷺ പറഞ്ഞു: “നിങ്ങൾക്ക് റമദാൻ വന്നെത്തിയിരിക്കുന്നു. അനുഗൃഹീത മാസം. അല്ലാഹു നിങ്ങൾക്ക് നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു. അതിൽ സ്വർഗകവാടങ്ങൾ തുറക്കപ്പെടുകയും നരകകവാടങ്ങൾ അടക്കപ്പെടുകയും ചെയ്തിരിക്കുന്നു. പിശാചുക്കൾ ബന്ധനസ്ഥരാക്കപ്പെട്ടിരിക്കുന്നു. അതിലൊരു രാവുണ്ട്. ആയിരം മാസത്തെക്കാൾ ഉത്തമമാണത്” (നസാഈ).

## ലൈലതുൽ ക്വദ്ർ

‘ക്വദ്ർ’ എന്നതിന്റെ ഭാഷാർഥം വിധിനിർണയം, മഹത്തായത്, കുടുസ്സായത്, പവിത്രമായത് എന്നൊക്കെയാണ്.

‘ലൈലതുൽക്വദ്ർ’ എന്നതിന് ‘വിധിനിർണയത്തിന്റ രാവ്,’ ‘മഹത്തായ രാത്രി’ എന്നിങ്ങനെ അർഥം പറയാവുന്നതാണ്. ഇതിന് ഈ പേര് പറയാനുള്ള കാരണങ്ങളായി വിശദീകരിക്കപ്പെടുന്ന കാര്യങ്ങൾ ഇങ്ങനെയാണ്:

1) അതാത് വർഷങ്ങളിലെ കാര്യങ്ങൾ നിർണയിക്കുന്നത് ഈ രാത്രിയിലാണ്. അല്ലാഹു പറയുന്നു: “ആ രാത്രിയിൽ യുക്തിപൂർണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു” (ക്വുർആൻ 44:4).

സൃഷ്ടിജാലങ്ങളുടെ വിധിനിർണയിക്കുന്നത് ഈ രാത്രിയിലാണ്. ജീവിതവും മരണവും ജയവും പരാജയവും സന്തോഷവും സന്താപങ്ങളും പ്രതാപവും നിന്ദ്യതയും എല്ലാം രേഖപ്പെടുത്തുന്നതും ഈ രാത്രിയിലാണ്.

2) പവിത്രതയും മഹത്ത്വവുമുള്ള രാത്രിയാണ്. ഇമാം നവവി(റഹി) പറയുന്നു: “ലൈലതുൽ ക്വദ്റിന്റെ മഹത്ത്വവും ശ്രേഷ്ഠതയും കാരണമാണ് അതിനെ ആ പേര് വിളിക്കുന്നത്” (ശർഹു മുസ്‌ലിം).

അല്ലാഹു പറയുന്നു: “തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു” (ക്വുർആൻ 44:3).

ഇബ്നു അബ്ബാസ്ﷺ പറഞ്ഞു: "അനുഗൃഹീത മായ രാത്രി എന്നതുകൊണ്ട് അർഥമാക്കുന്നത് ലൈലതുൽ ക്വദ്റാകുന്നു."

3) വിധിയുമായി മലക്കുകൾ ഇറങ്ങിവരുന്നു.

4) നിർണിതമായ ഒരു സമൂഹത്തിന് നിശ്ചയിക്കപ്പെട്ട, ഒരു പ്രവാചകനിൽ ഒരു മലക്കിലൂടെ നിർണയിക്കപ്പെട്ട ഒരു ഗ്രന്ഥം അവതരിച്ച രാത്രി ആയതിനാലാണ് എന്നും അഭിപ്രായപ്പെടുന്നു.

5) ഇറങ്ങിവരുന്ന മലക്കുകളുടെ ആധിക്യം കാരണമായി ഭൂമി കുടുസ്സായി അനുഭവപ്പെടുന്നതിനാലും ഈ പേര് വിളിക്കപ്പെടുന്നു.

ഇങ്ങനെ പല അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നുണ്ട്. ഇതെല്ലാം ആ രാത്രിയുടെ മഹത്ത്വവും പവിത്രതയും വിളിച്ചറിയിക്കുന്നു.

പരിശുദ്ധ ക്വുർആൻ അവതരിച്ചുവെന്നതാണ് അതിനെ മഹത്ത്വപ്പെടുത്തുന്നത്. ജിബ്രീലും (മറ്റു) മലക്കുകളും ഇറങ്ങിവരുന്നു എന്നതും അതിന്റെ പ്രഭാതംവരെ സമാധാനവും നിർഭയത്വം വർഷിക്കുന്നുവെന്നതും ആ രാത്രിയുടെ മഹത്ത്വമാണ്.

## ലൈലതുൽ ക്വദ്റിന്റ പ്രത്യേകതകൾ

1) വിശുദ്ധ ക്വുർആൻ അവതീർണമായ രാത്രി:

മാനവരാശിയെ സൻമാർഗത്തിലേക്ക് നയിക്കാനായി അല്ലാഹു വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചത് ലൈലതുൽ ക്വദ്റിലാണ്. അവസാനനാൾവരെയുള്ള ജനങ്ങൾക്കുള്ള മാർഗദർശനമാണിത്. അല്ലാഹു പറയുന്നു: "തീർച്ചയായും നാം അതിനെ ലൈലതുൽ ക്വദ്റിൽ അവതരിപ്പിച്ചിരിക്കുന്നു'' (ക്വുർആൻ 97:1).

2) ആയിരം മാസത്തെക്കാൾ ഉത്തമമായ രാത്രി:

അല്ലാഹു പറയുന്നു: "ലൈലതുൽ ക്വദ്ർ ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു" (ക്വുർആൻ 97:3).

പൂർവസമുദായങ്ങളുടെ ആയുർദൈർഘ്യം ഇന്നത്തേതിനെക്കാൾ ദീർഘിച്ചതായിരുന്നു. നൂഹ് നബി عليه السلام 950 വർഷം പ്രബോധനം നടത്തിയതായി വിശുദ്ധ ക്വുർആൻ വ്യക്തമാക്കുന്നുണ്ട്. ദീർഘമായ ആയുസ്സ് ലഭിച്ച മുൻസമൂഹങ്ങൾ അത് കൃത്യമായി നന്മയിൽ ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ അവരോളം എത്താൻ നൂറിൽതാഴെ വർഷം മാത്രം ആയുർദൈർഘ്യമുള്ള നമുക്ക് സാധിക്കുകയില്ല. എന്നാൽ അല്ലാഹു നീതിമാനാണ്. നമുക്ക് വർഷത്തിൽ ഒരു രാത്രി സമ്മാനിച്ചുകൊണ്ട് ദീർഘമായ കാലയളവിലെ നന്മയുടെ പ്രതിഫലം കരസ്ഥമാക്കാനുള്ള അവസരം നൽകിയിരിക്കുന്നു. അല്ലാഹു പറയുന്നു:

"മലക്കുകളും ആത്മാവും അവരുടെ രക്ഷിതാവിന്റെ എല്ലാകാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരുന്നു. പ്രഭാതോദയം വരെ അത് സമാധാനമത്രെ" (ക്വുർആൻ 97:4,5).

സൂര്യാസ്തമയം മുതൽ സൂര്യോദയം വരെയുള്ള ഏതാനും മണിക്കൂറുകൾ ആയിരം മാസത്തെക്കാൾ ഉത്തമമാണ്. അഥവാ 83 വർഷവും 4 മാസവും! ഏതാനും മണിക്കൂറുകൾക്കകം ഒരായുഷ്കാലം കൊണ്ട് നേടിയെടുക്കാവുന്ന എല്ലാ നന്മകളും പുണ്യങ്ങളും വാരിക്കൂട്ടാൻ സാധിക്കുമെന്ന്!

ഇമാം മുജാഹിദ്(റഹി) പറഞ്ഞു: 'അതിലെ കർമങ്ങളും നോമ്പുകളും നമസ്കാരങ്ങളുമെല്ലാം ആയിരം മാസം ചെയ്തതിനെക്കാൾ പുണ്യമുള്ളതാണ്.'

നൻമയും അനുഗ്രഹങ്ങളും കാരുണ്യവുമായി മലക്കുകൾ ഭൂമിയിലേക്കിറങ്ങുന്ന സൗഭാഗ്യത്തിന്റെയും സമാധാനത്തിന്റെയും രാവാണിത്. ഈ രാത്രിയെക്കുറിച്ച് മാത്രം പറയുന്ന ഒരു അധ്യായം തന്നെ ക്വുർആനിലുണ്ട് എന്നത് ഇതിന്റ മഹത്ത്വമാണ് സൂചിപ്പിക്കുന്നത്.

ലൈലതുൽ ക്വദ്റിലെ ആരാധനകൾ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടാൻ കാരണമാകും. നബിﷺ പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലേഛയോടെയും ലൈലതുൽ ക്വദ്റിൽ നിന്ന് നമസ്കരിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കും" (ബുഖാരി).

> **"പൂർവസമുദായങ്ങളുടെ ആയുർദൈർഘ്യം ഇന്നത്തേതിനെക്കാൾ ദീർഘിച്ചതായിരുന്നു. നൂഹ് നബി عليه السلام 950 വർഷം പ്രബോധനം നടത്തിയതായി വിശുദ്ധ ക്വുർആൻ വ്യക്തമാക്കുന്നുണ്ട്. ദീർഘമായ ആയുസ്സ് ലഭിച്ച മുൻസമൂഹങ്ങൾ അത് കൃത്യമായി നന്മയിൽ ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ അവരോളം എത്താൻ നൂറിൽതാഴെ വർഷം മാത്രം ആയുർദൈർഘ്യമുള്ള നമുക്ക് സാധിക്കുകയില്ല. എന്നാൽ അല്ലാഹു നീതിമാനാണ്. നമുക്ക് വർഷത്തിൽ ഒരു രാത്രി സമ്മാനിച്ചുകൊണ്ട് ദീർഘമായ കാലയളവിലെ നന്മയുടെ പ്രതിഫലം കരസ്ഥമാക്കാനുള്ള അവസരം നൽകിയിരിക്കുന്നു."**

## ലൈലതുൽ ക്വദ്ർ എന്നാണ്?

ഈ വിഷയത്തിൽ വ്യത്യസ്തമായ റിപ്പോർട്ടുകൾ കാണുവാൻ സാധിക്കും.

പ്രവാചകൻﷺ പറഞ്ഞു: “ലൈലതുൽ ക്വദ്റിനെ നിങ്ങൾ റമദാനിന്റ അവസാന പത്തിൽ പ്രതീക്ഷിച്ചു കൊള്ളുക” (ബുഖാരി, മുസ്‌ലിം).

ഇബ്നു ഉമർؓ നിവേദനം; അദ്ദേഹം പറഞ്ഞു: “സ്വഹാബികളിലെ ഒരു വിഭാഗം റമദാനിലെ അവസാന ഏഴിൽ ലൈലതുൽ ക്വദ്റിനെ സ്വപ്നത്തിൽ കണ്ടതായി പറഞ്ഞു. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: ‘നിങ്ങളുടെ കാഴ്ചയോട് ഞാൻ യോജിക്കുന്നു. അതിനാൽ അവസാനത്തെ ഏഴിൽ ആരെങ്കിലും ലൈലതുൽ ക്വദ്റിനെ പ്രതീക്ഷിക്കുന്നുവെങ്കിൽ 27ൽ പ്രതീക്ഷിച്ചുകൊള്ളട്ടെ” (ബുഖാരി, മുസ്‌ലിം).

ഈ വിഷയത്തിൽ ഏറ്റവും പ്രബലമായ അഭിപ്രായം ലൈലതുൽ ക്വദ്ർ റമദാൻ മാസത്തിലെ അവസാന പത്തിലെ ഒറ്റയായ രാത്രികളിലാണ് എന്നതാകുന്നു. ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ആഇശؓയുടെ ഹദീഥ് ഇതാണ് സൂചിപ്പിക്കുന്നത്.

ആഇശؓ പറയുന്നു: “നബിﷺ റമദാനിലെ അവസാന പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അവിടുന്നു പറയും: ‘റമദാൻ അവസാന പത്തിലെ ഒറ്റരാത്രികളിൽ നിങ്ങൾ ലൈലതുൽ ക്വദ്റിനെ പ്രതീക്ഷിച്ചുകൊള്ളുക.”

നബിﷺ പറഞ്ഞു: “ലൈലതുൽ ക്വദ്റിനെ റമദാനിന്റെ അവസാന പത്തിൽ നിങ്ങൾ പ്രതീക്ഷിക്കുക. അഥവാ ഒമ്പത് ബാക്കിയുള്ളപ്പോൾ, ഏഴ് ബാക്കിയുള്ളപ്പോൾ, അഞ്ച് ബാക്കിയുള്ളപ്പോൾ”(ബുഖാരി).

ഇമാം ശാഫിഈ(റഹി) പറയുന്നു: “എന്റെ വീക്ഷണത്തിൽ ഇത് (ലൈലതുൽ ക്വദ്റിനെക്കുറിച്ചുള്ള വ്യത്യസ്ത റിപ്പോർട്ടുകൾ) വരാനുള്ള കാരണം-അല്ലാഹു ഏറ്റവും നന്നായി അറിയുന്നു-പ്രവാചകൻ തന്നോട് ചോദിക്കപ്പെടുന്നതിനനുസരിച്ച് മറുപടി പറഞ്ഞതാണ് എന്നതാണ്. (ഉദാഹരണത്തിന്) ‘ഇന്ന ദിവസം ഞങ്ങൾ ലൈലതുൽ ക്വദ്റിനെ കരുതി ഇരുന്നുകൊള്ളട്ടെ’ എന്നൊരാൾ ആരായുന്നു. അതിന് നബിﷺ ‘അതെ, ഇന്ന ദിവസം നിങ്ങളതിനെ പ്രതീക്ഷിച്ചുകൊള്ളുക’ എന്ന് മറുപടി നൽകുന്നു” (ബഗവി, ശറഹുസ്സുന്നയിൽ ഉദ്ധരിച്ചത്).

ചുരുക്കത്തിൽ, റമദാനിലെ അവസാന പത്തിലെ രാവുകളിലെല്ലാം; വിശിഷ്യാ ഒറ്റരാവുകളിൽ ലൈലതുൽ ക്വദ്റിനെ പ്രതീക്ഷിക്കാവുന്നതാണ്.

## ചില അടയാളങ്ങൾ

1) സൂര്യന് പ്രഭാതകിരണങ്ങളുണ്ടാവില്ല.

ഉബയ്യുബ്നു കഅബ്ؓ നിവേദനം; നബിﷺ പറഞ്ഞു: “ലൈലതുൽ ക്വദ്റിനെ തുടർന്നുള്ള പ്രഭാതത്തിൽ സൂര്യൻ കിരണങ്ങളില്ലാതെ ഉദിക്കുന്നതാണ്. അത് ഉയരുന്നതുവരെ ഒരു തളികപോലെ (കിരണമുക്തമായി) ആയിരിക്കും” (മുസ്‌ലിം).

2) അന്ന് തണുപ്പും ചൂടുമുണ്ടാവില്ല.

ഇബ്നു അബ്ബാസ്ؓ നിവേദനം; നബിﷺ പറഞ്ഞു: “ലൈലതുൽ ക്വദ്റിന്റെ രാത്രി ശാന്തവും പ്രസന്നവുമായ രാത്രിയാണ്. കടുത്ത ചൂടുള്ളതോ, എന്നാൽ വളരെ കുളിരുള്ളതോ അല്ല. അതിനെ തുടർന്നുള്ള പ്രഭാതത്തിൽ സൂര്യൻ (താരതമ്യേന) ദുർബലവും ചുവന്നതുമായി കാണപ്പെടും”(ഇബ്നു ഖുസൈമ).

3) അന്ന് പ്രകാശപൂരിതമാകും.

വാസിലതുബ്നുൽ അസ്ക്വഅ്ؓ നിവേദനം; നബിﷺ പറഞ്ഞു: “ലൈലതുൽ ക്വദ്റിലെ രാവ് പ്രകാശപൂരിതമാകും. തണുപ്പും ചൂടും ഉണ്ടാകില്ല. കാർമേഘവും മഴയും കാറ്റുമില്ല. നക്ഷത്രങ്ങളെ കൊണ്ട് ഏറുമുണ്ടാവില്ല”(ത്വബ്റാനി).



4) ധാരാളം മലക്കുകൾ ഭൂമിയിലേക്കിറങ്ങും.

അബൂഹുറയ്‌റ ﷺ നിവേദനം; റസൂൽ ﷺ പറഞ്ഞു: "തീർച്ചയായും ലൈലതുൽ ക്വദ്ർ 27നോ 29നോ ആകുന്നു. തീർച്ചയായും മലക്കുകൾ ആ രാത്രിയിൽ ഭൂമിയിലിറങ്ങും. അവർ മണൽ തരിയോളമുണ്ടാകും" (അഹ്മദ്).

ലൈലതുൽ ക്വദ്‌റാണെന്ന് മനസ്സിലായാൽ വിശ്വാസി പറയേണ്ടതെന്തെന്ന് പ്രവാചകൻ ﷺ പഠിപ്പിക്കുന്നുണ്ട്:

ആഇശ ﷺ പറഞ്ഞു: "ഞാൻ പ്രവാചരോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഏതെങ്കിലും ഒരു രാവ് ലൈലതുൽ ക്വദ്‌റാണെന്ന് ഞാനറിഞ്ഞാൽ എന്താണ് പറയേണ്ടത്?' പ്രവാചകൻ ﷺ പറഞ്ഞു: 'നീ ഇങ്ങനെ പറയുക: അല്ലാഹുമ്മ ഇന്നക അഫുവ്വുൻ, തുഹിബ്ബുൽ അഫ്‌വ. ഫഅ്ഫു അന്നീ" (തുർമുദി).

## ധന്യമാക്കാം ഈ പുണ്യരാവ്

മഹത്തായ ഈ പുണ്യരാവിൽ പരമാവധി ആരാധനാകർമങ്ങൾ നിർവഹിച്ച് ധന്യരാകാൻ വിശ്വാസികൾ ശ്രദ്ധിക്കണം. അല്ലാഹു പറയുന്നു:

"നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്" (ക്വുർആൻ 3:133).

"നബി ﷺ അവസാനത്തെ പത്തായാൽ മുണ്ട് മുറുക്കിയുടുക്കുകയും രാത്രിയെ ജീവിപ്പിക്കുകയും കുടുംബത്തെ വിളിച്ചുണർത്തുകയും ചെയ്യുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

ആഇശ ﷺ പറഞ്ഞു: "റസൂൽ ﷺ റമദാനിലെ അവസാനത്തെ പത്തിൽ മറ്റു ദിവസങ്ങളെ അപേക്ഷിച്ച് (ആരാധനകളാൽ) അധ്വാനിക്കുമായിരുന്നു" (മുസ്‌ലിം).

## ചില നിർദേശങ്ങൾ

അവസാനത്തെ പത്ത് രാത്രികളിലും ഉണർന്നിരിക്കുക, കാരണം നബി ﷺ അവസാനത്തെ പത്ത് രാത്രികളെ ഉറങ്ങാതെ ആരാധനകളാൽ ജീവിപ്പിച്ചിരുന്നു. നാം കുടുംബത്തെ അതിനായി വിളിച്ചുണർത്തുകയും ആരാധനകൾക്ക് പ്രോത്സാഹനം നൽകുകയും വേണം.

സുഫ്‌യാനുസ്സൗരി(റഹി) പറഞ്ഞു: 'അവസാനത്തെ പത്തായാൽ രാത്രിയിൽ കഠിന പ്രയത്നത്തിലാവുന്നതാണ് ഞാനേറെ ഇഷ്ടപ്പെടുന്നത്. കുടുംബത്തെയും കുട്ടികളെയും നമസ്‌കരിക്കാനായി ഉണർത്തുകയും അവർക്ക് സാധിക്കുന്നത്ര നിർവഹിക്കുകയും വേണം.'

പ്രാർഥനകൾ വർധിപ്പിക്കണം. അകവും പുറവും വൃത്തിയാവണം. രാവിനെ പകലിനെ പോലെ സജീവമാക്കുകയും അശ്രദ്ധരാകാതിരിക്കുകയും ചെയ്യണം. സലഫുകൾ അവസാനത്തെ പത്തിലെ രാത്രികളിൽ കുളിക്കുകയും സുഗന്ധം പൂശുകയും ചെയ്യുമായിരുന്നു.




അല്ലാഹു പറയുന്നു: "നിന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും, (മറ്റു ചിന്തകൾ വെടിഞ്ഞ്) അവങ്കലേക്കു മാത്രമായി മടങ്ങുകയും ചെയ്യുക. ഉദയസ്ഥാനത്തിന്റെയും അസ്തമയസ്ഥാനത്തിന്റെയും രക്ഷിതാവാകുന്നു അവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ ഭരമേൽപിക്കപ്പെടേണ്ടവനായി അവനെ സ്വീകരിക്കുക" (ക്വുർആൻ 73:8,9).

അനാവശ്യമായ തർക്കവും ചർച്ചയും ചീത്തകാര്യങ്ങളിലുള്ള കൂടിച്ചേരലുകളും ഒഴിവാക്കുക. പശ്ചാത്തപിച്ച് മനസ്സ് ശുദ്ധിയാക്കുക. നിയ്യത്ത് നന്നാക്കുക. അല്ലാഹുവിൽനിന്നുള്ള പ്രതിഫലം മാത്രം ഉദ്ദേശിച്ച് സൽകർമങ്ങൾ അധികരിപ്പിക്കുക.

അല്ലാഹുവിനെക്കുറിച്ച് നല്ലതുമാത്രം വിചാരിക്കുകയും ആരാധനകൾക്ക് അവനോടുള്ള ഇഷ്ടം കാരണമാവുകയും വേണം. ഏറെ ഇഷ്ടപ്പെടുന്നവരോട് മനസ്സുതുറക്കുന്നത് ഏറെ ആശ്വാസകരവും ആസ്വാദ്യകരവുമാണല്ലോ.

വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുകയും അല്ലാഹുവിനെ ധാരാളമായി ഓർക്കുകയും സുജൂദുകൾ വർധിപ്പിക്കുകയും ചെയ്തുകൊണ്ട് അനുഗൃഹീതമായ രാത്രിയെ ധന്യമാക്കുക. റയ്യാൻ എന്ന കവാടത്തിലൂടെ സ്വർഗത്തിൽ പ്രവേശിക്കാൻ ആശിക്കുകയും അതിനായി പ്രാർഥിക്കുകയും ചെയ്യുക.





ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# മലമുകളിലെ നോമ്പ്

മൂവായിരത്തോളം അടി ഉയരമുള്ള മലകൾ നിറഞ്ഞ പ്രദേശത്ത് ജോലിക്ക് എത്തിയത് നോമ്പിന് തലേന്നാൾ. പ്രൊമോഷനോടുകൂടിയ സ്ഥലം മാറ്റം പ്രതീക്ഷിക്കാതെ! നോമ്പിന്റെ ആദ്യദിവസം തന്നെ പ്രയാസമായി. അത്താഴം കട്ടൻചായയിലും തേങ്ങാബണ്ണിലും മറ്റും ഒതുങ്ങി.

ആദ്യമായി ജോലിചെയ്യുന്ന പ്രദേശം. പേരിനു പോലും ആരെയും പരിചയമില്ലാത്ത ഇടം. ചെയ്ത് പരിചയമില്ലാത്ത ചില നിയമങ്ങളും ചട്ടങ്ങളുംകൂടി ഉള്ള ജോലി. മലമുകളിലെ കാലാവസ്ഥ അനുയോജ്യം. നാട്ടിൽ ചുട്ടുപൊള്ളുന്ന നട്ടുച്ചക്ക് പോലും ഇവിടം ചൂടിന് തണുപ്പിനോട് ചായ്‌വ്. ഓഫീസിനോട് ചേർന്നുതന്നെ ക്വാർട്ടേഴ്സ്. ചുറ്റുമുള്ള ക്വാർട്ടേഴ്സുകളിൽ സ്വന്തം വകുപ്പുജീവനക്കാർ മാത്രം.

ക്വാർട്ടേഴ്സിൽ ഒപ്പം ഓഫീസിലെ സഹഓഫീസർ. സംസ്ഥാനത്തിന് പുറത്ത് ജോലിചെയ്ത പരിചയം. അദ്ദേഹത്തിന് പാചക വൈവിധ്യം കുറവെങ്കിലും ഉണ്ടാക്കുന്നവ രുചികരം. റമദാനിലെ പുണ്യം. പച്ചക്കറിയും മറ്റും നുറുക്കാനും പാത്രം മോറാനും മറ്റും സഹായിച്ച് ഞാൻ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. അത്താഴത്തിന് പഴങ്ങളോ ഉണങ്ങിയ നട്സോ മറ്റോ മതി എന്ന എന്റെ ലൈനിലേക്ക് അദ്ദേഹവും മാറി.

അടുത്ത് പള്ളികൾ ഇല്ല. ബാങ്കുവിളി കേൾക്കുന്നില്ല, സുബ്ഹിക്ക് പോലും! ഇടയ്ക്ക് സഹപ്രവർത്തകന്റെ മൊബൈലിൽനിന്ന് ഈണത്തിൽ വിശുദ്ധ ഹറമിലേതിനെ ഓർമിപ്പിക്കുന്ന ബാങ്കിൻനാദം കേൾക്കുമ്പോൾ വല്ലാത്ത ഇഷ്ടം. ഒപ്പം നഷ്ടബോധവും. മുറിയിൽ ഒറ്റക്കോ സഹപ്രവർത്തകനൊപ്പമോ രാത്രി നമസ്കാരമടക്കം നിർവഹിച്ച് തൃപ്തിയടയും.

ചില വൈകുന്നേരങ്ങളിൽ സഹജീവിയുടെ കൂട്ടുകാർ എത്തും. അവരിന്ന് എന്റെയും കൂട്ടുകാർ. കേന്ദ്ര, സംസ്ഥാന ജീവനക്കാരായ ഈ ക്രൈസ്തവ, ഹൈന്ദവ സൗഹൃദങ്ങൾ ഞങ്ങൾക്ക് നോമ്പു തുറക്കാൻ അടുക്കളയിൽ കാപ്പിയിട്ടും പഴംനുറുക്കിയും കൂടെ നിന്നു. റമദാനിലെ കാരുണ്യം.

ചൂടുള്ള കട്ടൻചായയുടെ കൂടെ പുട്ടോ ഉപ്പുമാവോ കൂട്ടി നോമ്പ് തുറക്കുമ്പോൾ അറിയാതെ വീടിനെ ഓർമിച്ച് പോകും. നിറവും മണവും രുചിയുമുള്ള പഴനീരുകളും പല രുചികളിലും രൂപത്തിലുമുള്ള എണ്ണപ്പലഹാരങ്ങളും നേർത്ത പത്തിരിയും കൊതിപ്പിക്കുന്ന മണമുള്ള ഇറച്ചിക്കറിയും നിറഞ്ഞ തീൻമേശ കണ്ണിൽ പ്രത്യക്ഷപ്പെടും. ഒരു നെടുവീർപ്പോടെ കടലക്കറിയിൽ സായൂജ്യമടയും!

പള്ളിയിൽ പൊറോട്ട പോത്തിറച്ചിസഹിതം കഴിച്ച് നോമ്പുതുറന്ന കഴിഞ്ഞ വർഷങ്ങളെപ്പറ്റി ഔദ്യോഗികവാഹന സാരഥി ഓർമിപ്പിക്കും. മുൻ ഓഫീസർ വെജ് ഇഷ്ടപ്പെടുന്ന ആളായിരുന്നെങ്കിലും കൂട്ടിനു പോകുന്ന സഹോദര സമുദായ അംഗമായ അദ്ദേഹമായിരുന്നു കൂടുതൽ ആസ്വദിച്ച് കഴിച്ചിരുന്നത് എന്ന് പറഞ്ഞുരസിക്കും.

ഇത്തവണ നോമ്പുതുറകൾ ഇല്ല, ഉള്ളത് നാമമാത്രവും. കോവിഡിന്റെ രണ്ടാംവരവ് കാര്യങ്ങൾ കൂടുതൽ ദുഷ്കരമാക്കുന്നു.

വ്രതത്തിന്റെ പ്രതിഫലം നൽകുന്ന കരുണവറ്റാത്ത രക്ഷിതാവ് പ്രയാസത്തിനനുസരിച്ചത് തരാതിരിക്കില്ലല്ലോ. സഹകരിക്കുകയും സഹായിക്കുകയും ചെയ്യുന്നവരെ കാണാതിരിക്കില്ലല്ലോ. ഈ കാലവും കടന്നുപോകും. കടന്നുപോയേ തീരൂ...!

جامعة الهند الإسلامية

JAMIA AL-HIND AL-ISLAMIYYA

VISION 2030

## 2021–2022 അദ്ധ്യയന വർഷത്തെ

# വിവിധ കോഴ്സുകളിലേക്കുള്ള

# രജിസ്ട്രേഷൻ തുടരുന്നു

## മഅ്ഹദുല്ലുഗഃ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്ലാമിക് യൂണിവേസിറ്റിയുടെ മഅ്ഹദുല്ലുഗഃ സിലബസിനോടൊപ്പം +2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്. സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം

വിശദ വിവരങ്ങൾക്ക്: 8606366661, 9746639139

## കുല്ലിയ്യത്തുദ്ദഅ്വ / കുല്ലിയ്യത്തുൽ ഹദീസ് / ഫിഖ്ഹ്

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അഖീദഃ, ഫിഖ്ഹ് എന്നീ മേഖലകളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്. സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780

## തഖസ്സുസ്

ശരീഅഃ കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പെന്റോടു കൂടിയുള്ള രണ്ട് വർഷ റിസർച്ച് കോഴ്സ്, കൂടെ MA ചെയ്യാനും അവസരം.
സെലക്ഷൻ ക്യാമ്പ്: ജൂൺ ആദ്യവാരം

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780


Scan for Registration:

REGISTER http://jamiaalhind.com/admission

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 MAY 01

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




# പീസ് റേഡിയോ

## എന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ..!

**Account No:**
918010068641992
**Account Name:**
WISDOM ISLAMIC ORGANIZATION - COMMUNICATION WING
**IFSC Code :** UTIB0000136
**Bank:** AXIS BANK LTD CALICUT BRANCH
UPI fcbiztvnx4y@freecharge

## നിങ്ങൾക്കും സഹായിക്കാം

All in One BHIM UPI QR

BHIM UPI amazon pay Paytm

For reciepts &
More Details:Contact
+91 97469 50006

പീസ് റേഡിയോ
നിങ്ങളുടെ ഫോണിൽ ലഭിക്കാൻ
GET IT ON Google Play
Available on the App Store

Radioforpeace YouTube peaceradio
www.peaceradio.com Email : hello@peaceradio.com
9020 840 840